# 1

# പരീക്ഷണങ്ങളിൽ ദൃഢചിത്തത

## (2 തിമൊഥെയൊസ് 1)

*"അതുകൊണ്ടു നമ്മുടെ കർത്താവിന്റെ സാക്ഷ്യത്തെയും, അവന്റെ ബദ്ധനായ എന്നെയും കുറിച്ചു ലജ്ജിക്കാതെ; സുവിശേഷത്തിനായി ദൈവശക്തിക്കു ഒത്തവണ്ണം നീയും എന്നോടുകൂടെ കഷ്ടം സഹിക്ക" (2 തിമൊഥെയൊസ് 1:8).*

ദൃഢചിത്തത! വിശ്വാസത്തിൽ ഉപദ്രവങ്ങൾക്കിടയിലും, ക്രിസ്തുവിന്റെ അനുയായിയായതുകൊണ്ടു തടവിലും, മരണാവസ്ഥയിൽ ആയാലും ഒരു ക്രിസ്ത്യാനിക്കു ദൃഢചിത്തത സാധ്യമാണെന്നു പൗലൊസ് എഴുതി. 2 തിമൊഥെയൊസിൽ പൗലൊസ് ഒരു ഉപദേഷ്ടാവായി തനിക്കു അനുഭവപ്പെട്ട കഷ്ടത മുഴുവൻ വികാരത്തോടെ പ്രകടിപ്പിക്കയും തിമൊഥെയൊസിന് റോമിൽ വരുമ്പോൾ നേരിടുവാൻ സാധ്യതയുള്ള കഷ്ടതയെയും (1:8; 2:3; 3:12), പ്രത്യേകിച്ചു അവൻ റോമിൽ വരുമ്പോൾ (4:9, 21).

തിമൊഥെയൊസ് ഭാവിയിൽ തിരഞ്ഞെടുക്കേണ്ട വെല്ലുവിളികളിലെ ആപത്തുകൾ വരുവാനിടയുള്ളതിൽ അദ്ധ്യായം 1-ൽ പൗലൊസ് കാണിച്ചു കൊടുക്കുന്നു. അവന്റെ അമ്മയിൽ നിന്നും വലിയമ്മയിൽ നിന്നും ലഭിച്ച വിശ്വാസം നിലനിർത്തുകയോ (1:5), പൗലൊസ് മുഖാന്തരം ലഭിച്ച കൃപാവരം ഉപയോഗിക്കാതിരിക്കയോ ചെയ്താൽ (1:6), ക്രിസ്തുവിൽ നിന്നും പൗലൊസിൽ നിന്നും ലഭിച്ച പത്ഥ്യവചനം പിടിച്ചുകൊള്ളാതെയോ ഇരുന്നാൽ (1:13), പരീക്ഷണങ്ങൾ വരുമ്പോൾ തിമൊഥെയൊസ് ഭീരുവായി പോകും (1:7), സുവിശേഷത്തെ കുറിച്ചും പൗലൊസിനെ കുറിച്ചും ലജ്ജിക്കുവാനിടയാകും (1:8), അതു പൗലൊസിനെ മറ്റുള്ളവർ വിട്ടുകളഞ്ഞതുപോലെ അവനെയും വിട്ടുപോകുവാൻ പ്രേരിപ്പിക്കും.

ആ സാധ്യതകളെ നേരിടുവാൻ ആണ്, തിമൊഥെയൊസിനോടു ദൃഢചിത്തനാകുവാൻ പൗലൊസ് അപേക്ഷിച്ചത്. അതിനു അടിസ്ഥാനമിട്ട ആശയം തന്റെ അപ്പൊസ്തലത്വത്തിന്റെ അധികാരം ദൈവികമായി

രുന്നു എന്നു (1:1, 2), പൗലൊസിന്റേയും തിമൊഥെയൊസിന്റേയും വ്യക്തി പരമായ ജീവിതാനുഭവവും (1:3–7), പൗലൊസിന്റെ തന്നെ സാക്ഷ്യവും കല്പനയും (1:8–14), വിശ്വസ്തനായവന്റെയും വിശ്വാസമില്ലാത്ത പലരുടേയും മാതൃകകളും അവൻ എടുത്തുകാണിക്കുന്നുണ്ട് (1:1–18).

**പാഠം 1: ദൃഢചിത്തതക്കുള്ള ദൈവിക പ്രേരകം (1:1, 2)**

ഒരു സുവിശേഷകൻ ദൃഢചിത്തനാകേണ്ടതിനുള്ള ചില പ്രേരകങ്ങളുമായിട്ടാണ് പൗലൊസ് 2 തിമൊഥെയൊസ് ആരംഭിക്കുന്നത്.

### ദൈവത്തിന്റെ പദ്ധതി

*അതു ദൈവത്തിന്റെ പദ്ധതിയിൽ അടിസ്ഥാനപ്പെടുത്തിയതുകൊണ്ടാണ് പൗലൊസ് ദൃഢചിത്തതക്കായി അപേക്ഷിക്കുന്നത്.* “ക്രിസ്തു യേശുവിലുള്ള ജീവന്റെ വാഗ്ദത്തപ്രകാരം, ദൈവേഷ്ടത്താൽ ക്രിസ്തു യേശുവിന്റെ അപ്പൊസ്തലനായിരുന്നു”[1] പൗലൊസ് (1:1). പൗലൊസ് ജനിക്കുന്നതിനു മുൻപു ദൈവത്തിനു അവനെ കുറിച്ചു ഒരു ഉദ്ദേശം ഉണ്ടായിരുന്നു (ഗലാത്യർ 1:15, 16). ദൈവത്തിനു അവനെ കുറിച്ചുണ്ടായിരുന്ന പദ്ധതി പ്രകാരം പൗലൊസിനു അവന്റെ ജോലിക്കു ആവശ്യമായ പരിശീലനം ആരംഭത്തിലും പിന്നീടും ലഭിക്കേണം എന്നു ദൈവം അറിഞ്ഞിരുന്നു. മനുഷ്യ ജീവിതത്തിൽ നാം ദൈവത്തോടു അടുക്കുമ്പോൾ ദൈവ കരുണ എങ്ങനെ പ്രവർത്തിക്കുന്നു എന്നറിഞ്ഞവനായിട്ടാണ്, പൗലൊസ് ലേഖനം എഴുതുന്നത്.[2]

### ദൈവത്തിന്റെ വാഗ്ദാനങ്ങൾ

*പൗലൊസിനായുള്ള ദൈവ പദ്ധതിയിൽ അവന്റെ വാഗ്ദാനങ്ങളും ഉൾപ്പെട്ടിരുന്നു.* “ക്രിസ്തു യേശുവിലുള്ള ജീവന്റെ വാഗ്ദത്ത പ്രകാരം ആയിരുന്നു” അവൻ അപ്പൊസ്തലൻ ആയത് (1:1). “ജീവന്റെ പുതുക്കത്തിൽ” നീതീകരണ ജീവിതം നല്കുന്നതിനു, ദൃഢചിത്തത ഉണർത്തുന്നതായിരുന്നു, ആ ജീവന്റെ വാഗ്ദാനം (റോമർ 5:18; 6:4; 2 കൊരിന്ത്യർ 5:17). അതു നമ്മുടെ ശരീരങ്ങളിൽ പ്രദർശിപ്പിക്കയും അതു നമ്മെ ദൈവ ഭക്തിയിലേക്കു നയിക്കുകയും ചെയ്യും. ക്രിസ്തു മുഖാന്തരം ഈ ലോകത്തിലും വരുവാനുള്ള ലോകത്തിലും, നമുക്കു സമൃദ്ധമായ ജീവൻ ലഭിക്കും (1 തിമൊഥെയൊസ് 4:8). നമുക്കു പുനരുത്ഥാനത്തിന്റെ പ്രത്യാശയും (യോഹന്നാൻ 5:29) അക്ഷയതയും (2 തിമൊഥെയൊസ് 1:10), ദൈവത്തിന്റെ പദ്ധതിയിലെ ജീവനും നമ്മുടെ അന്തിമ സ്ഥാനവും *നിത്യമാണ്* (തിത്തൊസ് 1:1, 2; 3:4–7, പ്രത്യേകമായി വാക്യം 7). *എന്തൊരു ജീവിതം!* പൗലൊസിന്റെ ജീവിതം ക്ഷയിച്ചു വരുന്നതായി തോന്നിയതുകൊണ്ടു, ഈ വാഗ്ദാനം ഓരോ ദിവസവും കൂടുതൽ ശോഭയുള്ളതാക്കി മാറ്റിക്കൊണ്ടിരുന്നു!

മറ്റുള്ളവർക്കു മരണശേഷം ഉള്ളതിനേക്കാൾ കൂടുതൽ വാഗ്ദാനങ്ങൾ ക്രിസ്ത്യാനിക്ക് ഉണ്ട്. പൗലൊസിന്റെ “പ്രിയമകൻ”[3] ആയതു

കൊണ്ട് (1:2) തിമൊഥെയൊസിനു വിലയേറിയ വാഗ്ദാനങ്ങൾ *ഇപ്പോൾ ഉള്ളതു*കൊണ്ട് ദൃഢചിത്തനാകേണ്ട മറ്റൊരു കാരണവും വ്യക്തമാകുന്നു. ദൈവം തന്റെ ധനത്തിനൊത്ത കൃപയും നന്മയും എത്ര മാത്രമാണ് നമുക്കു നല്കിയിരിക്കുന്നത്. (മറുവശത്തുള്ള ചാർട്ട് നോക്കുക.)

ദൈവത്തിന്റെ പദ്ധതിയും വാഗ്ദാനവും നിമിത്തം ദൃഢ ചിത്തത ഒഴിച്ചുകൂടാനാവാത്തതാണെന്നു തിമൊഥെയൊസ് കാണുവാൻ പൗലൊസ് ആഗ്രഹിച്ചു (ഭൂതകാലം, വർത്തമാനകാലം, ഭാവികാലം).

| എന്താണ് നല്കപ്പെട്ടിരിക്കുന്നത്? | എന്താണ് ലഭിച്ചത്? |
|---|---|
| കൃപ............................................................ | ധൈര്യം |
| (1 തിമൊ. 1:14; റോമ. 5:15; 2 കൊരി. 9:8-11; 2 തിമൊ. 2:1) | |
| കരുണ............................................................ | തിരുത്തൽ |
| (സങ്കീ. 86:15; 145:8, 9; ലൂക്കൊ. 1:78, 79; എഫെ. 2:4-6; 1 തിമൊ. 1:13) | |
| സമാധാനം............................................................ | ആശ്വാസം |
| (2 തെസ. 3:16; 1 പത്രൊ. 1:2; ഫിലി. 4:4-7) | |

ആരാണ് ഇതു തരുന്നത്?

| | | |
|---|---|---|
| പിതാവായ, ദൈവം | നമ്മിൽ ഉണ്ടാകുവാൻ ആഗ്രഹിക്കുന്നു | അടുപ്പവും വിചാരവും |
| (മത്താ. 6:9; ഗലാ. 4:6, 7) | | |
| ക്രിസ്തു യേശു നമ്മുടെ കർത്താവു | നമ്മിൽ ഉണ്ടാകുവാൻ ആഗ്രഹിക്കുന്നു | ആത്മവിശ്വാസം ശുദ്ധീകരിക്കൽ അഭിഷേകം |
| (പ്രവൃത്തികൾ 2:36; യോ. 1:40, 41; 16:23, 24; മത്താ. 1:21; 1 യോഹ. 4:14; വെളി. 1:5; ലൂക്കൊ. 6:46; കൊ. 3:17; പ്രവൃത്തികൾ 17:24) | | |

## പാഠം 2: ദൃഢചിത്തതയുടെ ഉദാഹരണങ്ങൾ (1:3-7)

വ്യക്തി ബന്ധങ്ങൾ, കുടുംബത്തോടുള്ള ആത്മാർത്ഥത, ദൃഢചിത്തത പ്രോത്സാഹിപ്പിക്കുന്ന കാര്യങ്ങൾ എന്നിവയെ കുറിച്ചുള്ള ഒരു വൈകാരിക നിരീക്ഷണവും പൗലൊസ് ഉൾപ്പെടുത്തുന്നു. ഇതു എഴുതപ്പെട്ട സമയത്ത്, പൗലൊസിന്റെ ഹൃദയം ഓർമ്മകൾ കൊണ്ട് ത്രസിച്ചു! *തിമൊഥെയൊസ് വർത്തമാന കാലത്തിൽ വരുന്ന വെല്ലുവിളികളെ ദൃഢ*

*ചിത്തതയോടെ നേരിടുവാൻ പൗലൊസ് ഭൂതകാല സ്മരണ ഉണർത്തുന്നു!*

**നമുക്കു മുമ്പെ പോയവർ ആരാണ് (വാ. 3-5)**

കർത്താവിനോടു ഭയഭക്തി പൂണ്ടിരുന്നവരുടെ നല്ല പൈതൃകത്തിനു പൗലൊസ് നന്ദിയുള്ളവനായിരുന്നു. നമ്മുടെ "പൂർവ്വ പിതാക്കന്മാരുടെ" വിശ്വാസവും ആത്മിയ സേവനവും പൗലൊസ് തിമൊഥെയൊസിനെയും (നമ്മെയും) ഓർപ്പിക്കുകയായിരുന്നു (1:3; ഗലാത്യർ 1:14; ഫിലിപ്പിയർ 3:4–6; പ്രവൃത്തികൾ 24:14–16). പൗലൊസ് വർത്തമാനകാലത്തിൽ തന്റെ "പ്രിയ മകൻ," തിമൊഥെയൊസിനെ ഓർത്തും അവൻ ദൈവത്തിനു സ്തോത്രം ചെയ്യുന്നു. പൗലൊസ് നടത്തിയ ചുരുങ്ങിയ അഞ്ചു പ്രതികരണങ്ങളിൽ ആ നന്ദി അവൻ സൂചിപ്പിക്കുന്നു. ഒന്നാമതു, അതു നിരന്തരമായ പ്രാർത്ഥനയിലേക്കു നയിച്ചു: "... എന്റെ പ്രാർത്ഥനയിൽ നിന്നെ രാവും പകലും ഇടവിടാതെ ഓർത്തു."[4]

രണ്ടാമതു, പൗലൊസ് തിമൊഥെയൊസിനെ കാണുവാൻ "വാഞ്ഛിച്ചു" (1:4). പ്രിയപ്പെട്ട ഒരാൾ വേർപിരിഞ്ഞാൽ ഏകാന്തതയുടെ വേദനയിലാകുകയും അതു വ്യക്തിപരമായ ഫലപ്രദമായ പ്രവർത്തനത്തെ നിഷ്ക്രിയമാക്കുകയും ചെയ്യും. അത്തരം ആവേശത്തിനതീതമായിരുന്നു പൗലൊസിനു ക്രിസ്തുവിനോടുള്ള സമർപ്പണവും കടമയും, എന്നാൽ അവന്റെ വിശാല ഹൃദയം തന്റെ പ്രിയ സ്നേഹിതനുവേണ്ടി കാത്തിരുന്നു.

മൂന്നാമതായി, "സന്തോഷം കൊണ്ടു നിറയുവാൻ"[5] പൗലൊസ് അതിയായി ആഗ്രഹിച്ചിരുന്നു. ഈ ലേഖനം എഴുതുന്നതിൽ പൗലൊസിനു പ്രത്യേകമായ ഉദ്ദേശം ഉണ്ടായിരുന്നു. കാത്തിരിപ്പു പലപ്പോഴും ചില ആത്മാക്കൾക്കു ശക്തി പകർന്നിട്ടുണ്ട് - ആ സന്തോഷ നിമിഷം ഒരു യാഥാർത്ഥ്യമാകുന്നതുവരെ പിടിച്ചു നില്ക്കുവാൻ അത് സഹായിക്കും.

നാലാമതായി, ഏറ്റവും സ്പർശിക്കത്തക്കതും, പൗലൊസ് തിമൊഥെയൊസിന്റെ കണ്ണുനീർ ഓർക്കുകയാണ്. ഒരു സുവിശേഷകനു കണ്ണുനീർ ഇല്ലെങ്കിൽ അയാളുടെ ആത്മാവിൽ ചില ശൂന്യതയോ സേവനത്തിൽ ചില ഉപേക്ഷയോ ഉണ്ടായിരുന്നേക്കാം. കണ്ണുനീർ പൗലൊസിനു സാധാരണയായിരുന്നു (ഫിലിപ്പിയർ 3:18; പ്രവൃത്തികൾ 20:19, 31; 2 കൊരിന്ത്യർ 2:4), അവർ മറ്റുള്ളവരോട് അങ്ങനെയായിരുന്നു (യോഹന്നാൻ 11:35; എബ്രായർ 5:7). റോണാൾഡ് വാർഡ് പറഞ്ഞു,

> ഒരു ഉപദേഷ്ടാവു തന്റെ മനസ്സിലാക്കുവാനുള്ള ബുദ്ധിശക്തിയോടു ശക്തിചേർക്കുമ്പോൾ വൈകാരിക ഊഷ്മളത വ്യാപിപ്പിക്കും. തണുപ്പൻ മട്ടുകാർ പുരുഷാരത്തെ ചലിപ്പിക്കുകയില്ല; ചൂടുള്ള അത്യുൽസാഹം ഒന്നും എടുത്തു കളയുന്നില്ല; തിളച്ചു മറിയുന്ന ബുദ്ധിശക്തി അവരെ പഠിപ്പിക്കും, ചലിപ്പിക്കും, ദൈവത്തിന്റെ സത്യം കൊണ്ടു അവരെ പോറ്റും. തിമൊഥെയൊസ് തന്നിലുള്ള ദൈവത്തിന്റെ വരത്തെ ജ്വലിപ്പിക്കുവാൻ അവനെ ഓർപ്പിക്കയുണ്ടായി (1:6). വെറും ഉദാസീനനു എന്തെങ്കിലും ജ്വലിപ്പിക്കു

> വാൻ കഴിയുമോ? ഉപദേശത്തിലെ അപ്പൊസ്തലന്റെ വികാരത്തിനപ്പുറമായി, തിമൊഥെയൊസിന്റെ കണ്ണുനീരിനോടുള്ള മനോഭാവം വാസ്തവത്തിലുള്ള ഒരു ക്രിസ്തീയ മനോഭാവ പ്രകടനം ആയിരുന്നു. ... സത്യസന്ധമായ കരച്ചിലിൽ ലജ്ജിക്കപ്പെടുവാൻ ഒന്നുമില്ല, എന്നാൽ അതിനു വികാരവിരേചന ഫലമുണ്ട്. വിശ്വാസത്തിന്റെയോ സ്നേഹത്തിന്റെയോ അഗാധമായ ആഴം അതു വെളിപ്പെടുത്തുന്നു. അതിൽ കണ്ടെത്താൻ സാധിക്കുന്നത് കൂട്ടായ്മയുടെ ബന്ധത്തെയും വാസ്തവത്തിലുള്ള സഹതാപത്തെയുമാണ് ... കണ്ണുനീരിന്റെ കാഴ്ച്ച പ്രേരിപ്പിച്ച ആഗ്രഹമാണ്, *രാവും പകലും നിന്നെ കാണുവാൻ ഞാൻ വാഞ്ഛരിക്കുന്നു.*[6]

മൂന്നു തലമുറകളുടെ – ലോവിസ്, യുനീക്ക, തിമൊഥെയൊസ് എന്നിവരുടെ "ആത്മാർത്ഥ വിശ്വാസം"[7] ഓർപ്പിക്കുന്നതായിരുന്നു പൗലൊസിന്റെ നന്ദിസൂചകമായ അഞ്ചാമത്തെ പ്രതികരണം (1:5).[8] പല തരത്തിലുള്ള വിശ്വാസത്തെ കുറിച്ചു ബൈബിൾ പറയുന്നുണ്ട്, എന്നാൽ "*ആത്മാർത്ഥ* വിശ്വാസത്തിനു" പ്രത്യേകതയുണ്ട്.

ആത്മാർത്ഥത വിശ്വാസത്തിന്റെ ആഴത്തെ പ്രതിഫലിപ്പിച്ചെന്നു വരികയില്ല, എന്നാൽ അത് അതിന്റെ നിർമ്മലതയും സത്യസന്ധതയും ഉറപ്പു വരുത്തുന്നു. ബൈബിൾ രേഖയിൽ മൂന്നു തലമുറകളുടെ വിശ്വാസം വിരളമായിട്ടാണ് രേഖപ്പെടുത്തിയിരിക്കുന്നത് (നോക്കുക മത്തായി 8:11; എബ്രായർ 11:8, 9, 17, 21). ദൈവത്തിൽ വിശ്വസിക്കുക എന്നതിനേക്കാൾ അടങ്ങിയിരിക്കുന്നതാണ് വിശ്വാസം; അതിൽ അനുസരണവും ഉൾപ്പെടുന്നു. നാം ക്രിസ്തുവിനോടു ചേരുവാൻ സ്നാനമേല്ക്കു മ്പോൾ നമ്മുടെ വിശ്വാസം നമ്മുടെ പരിവർത്തനത്തെ ഉറപ്പിക്കുന്നു (നോക്കുക പ്രവൃത്തികൾ 16:1–3; 4:4; 18:8; എബ്രായർ 5:8, 9).

"അത് നിന്നിലും ഉണ്ടെന്നു ഞാൻ ഉറച്ചിരിക്കുന്നു"[9] എന്നു പറഞ്ഞതിൽ, ആ വിശ്വസ്തരായിരുന്ന മൂന്നു തലമുറക്കാരോടും പൗലൊസിനു പ്രത്യേക ആത്മവിശ്വാസം ഉണ്ടായിരുന്നതായി കാണാം. നമുക്കു മറ്റുള്ളവരിൽ ആത്മ വിശ്വാസം ഉണ്ടെങ്കിൽ, അവരെ കാണുന്നതിനും അവരോടൊപ്പം പ്രവർത്തിക്കുന്നതിനും നമുക്കു ചാരിതാർത്ഥ്യം ഉണ്ടാകും.

### നമ്മിൽ നിക്ഷേപിച്ചിരിക്കുന്നത് (വാ. 6, 7)

നമുക്കു മുമ്പെ പോയവരാൽ മാത്രമല്ല, നമ്മിൽ വെച്ചിരിക്കുന്നതിനാലും നാം ദൃഢചിത്തരാകുവാൻ പ്രോത്സാഹിപ്പിക്കപ്പെട്ടു. ദൈവത്തിന്റെ വരം തിമൊഥെയൊസിനെ ദൃഢചിത്തനാക്കുന്നതായിരുന്നു (1:6). പൗലൊസിന്റെ കൈവെപ്പിനാൽ തിമൊഥെയൊസിനു ലഭിച്ചതായ അത്ഭുത വരം "ജ്വലിപ്പിക്കുവാൻ" പത്രൊസ് ആഗ്രഹിച്ചു. "നിന്നിലുണ്ടാ*യിരുന്ന* ദൈവത്തിന്റെ വരത്തെ" അല്ല പൗലൊസ് പറഞ്ഞത് മറിച്ച് "*നിന്നിലുള്ള* ദൈവത്തിന്റെ വരം" എന്നാണ് പറഞ്ഞത്.

അവനിലുള്ള വരം ശരിയായി ഉപയോഗിച്ചില്ലെങ്കിൽ, അവന്റെ ചില താല്പര്യവും തീഷ്ണതയും തിമൊഥെയൊസിൽ നഷ്ടപ്പെട്ടുപോയേ

ക്കുമെന്നു പൗലൊസ് ഭയപ്പെട്ടിരുന്നു (1 തിമൊഥെയൊസ് 4:14). വിവിധ തരത്തിലുള്ള സ്വാധീനങ്ങൾ തിമൊഥെയൊസിനെ "വരണ്ട അവസ്ഥ യിലേക്കു" മാറ്റുവാൻ പങ്കുവഹിച്ചു. (1) അവനു ശാരീരിക രോഗം ഉണ്ടാ യിരുന്നു (1 തിമൊഥെയൊസ് 5:23). (2) ഭയം അവനെ കീഴ്പ്പെടുത്തുമാ യിരുന്നു (1 കൊരിന്ത്യർ 16:10; 2 തിമൊഥെയൊസ് 1:7), ഒരി ക്കൽ പൗലൊ സിനും പറ്റിയിട്ടുണ്ട് (പ്രവൃത്തികൾ 18:9, 10). (3) സമ്മർദ്ദ സാഹചര്യങ്ങ ളിൽ ഭീഷണിയുണ്ടായാൽ യുവത്വത്തിലായിരുന്ന തിമൊഥെയൊസിനു വശംവദനാകുമായിരുന്നു (1 തിമൊഥെയൊസ് 4:12; 2 തിമൊഥെയൊസ് 2:22). (4) എഫെസൊസിലുള്ള ദുരുപദേഷ്ടാക്കന്മാർക്കും പോരാട്ടത്തി ലായ – ആത്മാക്കൾക്കും യുവാവായിരുന്ന തിമൊഥെയൊസിന്റെ മനോ ഭാവത്തെ നിഴലിലേക്കു തള്ളിയിടാനാകുമായിരുന്നു (നോക്കുക 1 തിമൊ ഥെയൊസ് 1:3–7, 19, 20; 4:6, 7; 6:3–10; 2 തിമൊഥെയൊസ് 2:14–19, 23). (5) ഗവൺമെന്റിൽ നിന്നും ചില കുഴപ്പങ്ങൾ സഹോദരന്മാർക്കുണ്ടായി രുന്നു, ആകയാൽ ധീരതയോടെ ക്രിസ്തുവിനുവേണ്ടി നില്ക്കുക എന്നതു അത്ര എളുപ്പമായിരുന്നില്ല (നോക്കുക 2 തിമൊഥെയൊസ് 1:8; 2:3–5; 4:4, 5).

അതുകൊണ്ടു, തിമൊഥെയൊസിലുള്ള ദൈവത്തിന്റെ വരം അവൻ തേച്ചു മിനുക്കി ജ്വാല പ്രകാശിപ്പിക്കേണ്ടിയിരുന്നു. ഇതിൽ നിന്നു നാം പഠിക്കുന്ന പാഠം എന്തെന്നാൽ ദൈവം നമ്മിൽ തന്നിരിക്കുന്ന താലന്തു കൾ ഒന്നുകിൽ കുഴിച്ചിടും അല്ലെങ്കിൽ മാനുഷിക പ്രതികരണത്താൽ ജ്വലിപ്പിക്കും (നോക്കുക റോമർ 12:1).

ദൃഢചിത്തതക്കു ദൈവം തന്റെ മക്കൾക്കു തരുന്നതു പ്രധാനമാ ണെന്നു കൂടെ തിമൊഥെയൊസ് അറിയേണ്ടതുണ്ടായിരുന്നു (1:7). പൗലൊസ് അവനെ ഓർപ്പിച്ചതു ദൈവം നമ്മിൽ തന്നിരിക്കുന്നതു "ഭീരു ത്വത്തിന്റെ," ആത്മാവിനെ അല്ല മറിച്ചു താഴെ പറയുന്നവയുടെ ആത്മാ വിനെയത്രേ

| | | |
|---|---|---|
| ശക്തി[10] | കൂടാതെ നമുക്കു ലഭിക്കുന്നു | ധൈര്യം (2 തിമൊ. 3:8) |
| സ്നേഹം | കൂടാതെ നമുക്കു ലഭിക്കുന്നു | കരുതൽ (1 കൊരി. 13:1–8) |
| അച്ചടക്കം[11] | കൂടാതെ നമുക്കു ലഭിക്കുന്നു | നിയന്ത്രണം (1 കൊരി. 9:27) |

ഈ മൂന്നു ഗുണങ്ങൾ ഭയത്തെ പുറത്താക്കുന്നു (നോക്കുക 13:5, 6; 1 യോഹന്നാൻ 4:18; ദാനിയേൽ 3:15–30, പ്രത്യേകിച്ച് വാ. 16–18). "ശക്തി" യുടെ ആത്മാവിനെയാണ് ദൈവം നമ്മിൽ തന്നിരിക്കുന്നതു എന്നു തിമൊ ഥെയൊസ് തിരിച്ചറിയേണ്ടിയിരുന്നു.

പൗലൊസിന്റെ ഈ വാക്കുകളിലെ സൂചനയെ ഹെൻഡ്രിക്സൺ ചുരുക്കി പറഞ്ഞിരിക്കുന്നു:

ഒരു വ്യക്തി ദൈവത്തിന്റെ കഴിവിലും, സഹായിക്കുവാനുള്ള

> സന്നദ്ധതയിലും *ആശ്രയിക്കുന്ന*തിനേക്കാൾ കൂടുതൽ സാത്താന്റെ ഉപദ്രവ ശക്തി *ഭയപ്പെടുന്നു* എങ്കിൽ, അയാൾക്കു തന്റെ *മാനസിക സന്തുലിതാവസ്ഥ* നഷ്ടമായി. തീർച്ചയായും, തിമൊഥെയൊസ് ആ സ്ഥിതിയിലെത്തിയില്ല! അപ്പോൾ പിന്നെ അയാൾ സത്യത്തെ *മുറുകെ പിടിക്കട്ടെ*. അയാൾ *വിട്ടുകളയേണ്ടതു* കളഞ്ഞു സത്യത്തോടു *പറ്റിച്ചേർന്നു* ... ലോവീസും യൂനീക്കയും[12] ചെയ്തതു പോലെ.

ഈ രീതിയിൽ ഒരാൾ വിശ്വസ്തതയിൽ നിന്നു ഫലപ്രാപ്തിയിലേക്കു നീങ്ങുന്നു (യോഹന്നാൻ 15:8).

## പാഠം 3: ദൃഢചിത്തതക്കുള്ള വെല്ലുവിളികൾ (1:8-14)

ദൃഢചിത്തതക്കു പൗലൊസ് ശക്തമായ ഒരടിസ്ഥാനം 1:1–7–ൽ ഇടുന്നുണ്ട്. *എന്തുകൊണ്ട്* അത്തരം അടിസ്ഥാനം ആവശ്യമാണ് എന്നു, വാക്യം 8 തുടങ്ങുമ്പോൾ അവൻ പറയുന്നു. പൗലൊസ്, ദൈവവഴികൾ, ദൈവജനം ഒക്കെ ചിത്രത്തിന്റെ ഒരു ഭാഗമേ ആകുന്നുള്ളൂ. ക്രിസ്തീയ ജീവിതത്തിൽ ആത്മാവിനെ പരീക്ഷിക്കുന്ന പല ഏറ്റുമുട്ടലുകളും ഉണ്ടാകും. പൗലൊസിന്റെ വിഷമാവസ്ഥ പോലെ, ചിലപ്പോൾ ഒരാൾക്കു സത്യം അറിയിക്കുന്നതിനു വിലകൊടുക്കേണ്ടതായി വരും, വിശ്വാസം ത്യജിച്ച സഹോദരന്മാർ സമ്മർദ്ദം വർദ്ധിപ്പിക്കയും നിരുത്സാഹപ്പെടുകയും ചെയ്യും. കൂടുതൽ സമ്മർദ്ദം നേരിടുമ്പോൾ ക്രിസ്തുവിൽ ആത്മിയമായി ശക്തിപ്പെടാത്തവർ ഇടറിപ്പോകും.

### നമ്മുടെ ദൃഢചിത്തത ഇടറുമാറാക്കുന്ന പരീക്ഷണങ്ങൾ (വാ. 8)

ഒന്നാമതു, ഉദാഹരണമായി, ബൈബിൾ പരസ്യമായി കൊണ്ടു നടക്കുവാൻ ലജ്ജിക്കുന്നവരുണ്ട്, അല്ലെങ്കിൽ സത്യത്തിനുവേണ്ടി നില്ക്കാത്തവർ, പൗലൊസ് തിമൊഥെയൊസിനോടു അപേക്ഷിക്കുന്നതു ശ്രദ്ധിച്ചു കേൾക്കണം: *"നമ്മുടെ കർത്താവിന്റെ സാക്ഷ്യത്തെ കുറിച്ചു ലജ്ജിക്കരുത്"*[13] (1:8). ഈ അപേക്ഷ പ്രായോഗികമാണ്, ഈ പരീക്ഷണം വാസ്തവവുമാണ്. ആഴമേറിയ നിശ്ചയത്താൽ മാത്രമെ ഈ പ്രശ്നം പരിഹരിക്കുവാൻ പറ്റൂ. നാം ആളുകളെ കുറിച്ചും (മർക്കൊസ് 8:38; ലൂക്കൊസ് 9:26), സുവിശേഷത്തിലെ, വാക്കുകളെ കുറിച്ചും (റോമർ 1:16), കർത്താവിന്റെ സാക്ഷ്യത്തെ കുറിച്ചും (2 തിമൊഥെയൊസ് 1:8), അല്ലെങ്കിൽ ഉപദ്രവത്തെ കുറിച്ചും (2 തിമൊഥെയൊസ് 1:16)[14] "ലജ്ജിച്ചേക്കാം." നമുക്ക് എല്ലാവർക്കും ഏക പിതാവാണുള്ളതു എന്നതിനാൽ, സഹക്രിസ്ത്യാനികളെ സഹോദരന്മാർ എന്നു വിളിക്കുവാൻ ലജ്ജിക്കരുത് (അഹങ്കരിക്കുവാനും പാടില്ല) (എബ്രായർ 2:11).

എവിടെയാണ് നിങ്ങളുടെ ലജ്ജ വെളിപ്പെട്ടേക്കാവുന്നത്? നിങ്ങൾ വചനത്തെ പ്രതിരോധിക്കുന്നതിൽ ലജ്ജിക്കുന്നുണ്ടോ? ക്രിസ്തുവിനെ കുറിച്ചു നിങ്ങൾ മറ്റുള്ളവരോടു പറയുവാൻ മടിക്കാറുണ്ടോ? നിങ്ങൾ

“ചങ്ങലകളെ” കുറിച്ചു ലജ്ജിക്കുന്നുണ്ടോ? നിങ്ങൾ സഹോദരങ്ങളെ വെറുക്കുന്നുണ്ടോ?

രണ്ടാമതു, പൗലൊസ് തിമൊഥെയൊസിനോടു യാചിച്ചു, *“അതുകൊണ്ടു അവന്റെ ബദ്ധനായ ... എന്നെ കുറിച്ചും ലജ്ജിക്കരുത്.”* ഒരു നിരപരാധിയായ മനുഷ്യനോടൊപ്പം നില്ക്കുവാനാണ് പൗലൊസ് തിമൊഥെയൊസിനോടു പറഞ്ഞത്. പൗലൊസ് തടവിനു യോഗ്യനായ, മത്സരിക്കുന്ന സഹോദരനായതുകൊണ്ടല്ല തടവിലാക്കപ്പെട്ടത്. അവൻ തടവിലായത് യേശുവിനെ പ്രതിനിധീകരിച്ചതിനും അവനുവേണ്ടി ജീവിച്ചതു നിമിത്തവും ആയിരുന്നു! ലജ്ജയോ ദുഃഖമോ കൂടാതെ, പൗലൊസ് ധൈര്യമായി താൻ “കർത്താവിന്റെ ബദ്ധൻ” എന്നു പറഞ്ഞു. പൗലൊസ് തടവിലായപ്പോൾ ക്രിസ്തുവിന്റെ അനുയായികൾ അവനെ ഉപേക്ഷിച്ചുപോയതുപോലെ, പല സഹോദരന്മാരും അവനെ വിട്ടുപോയി (1:15). തന്നെ വിട്ടുപോകരുത് എന്നു അവൻ തിമൊഥെയൊസിനോടു അപേക്ഷിച്ചു. പൗലൊസ് തടവിലായിരിക്കുമ്പോൾ *നിങ്ങൾ* അവനെ പോയി കാണുമോ?

മൂന്നാമതായി, ഒരു തടവുകാരനെ ചെന്നു കാണുന്നതിനേക്കാൾ വലിയ വെല്ലുവിളിയാണ് നാം നേരിടുന്നത്. സുവിശേഷത്തിനായി *ക്രിസ്ത്യാനികൾ “[അവനോടു] കൂടെ കഷ്ടതയേൽക്കുവാൻ”*[15] *തയ്യാറാകണം.* ഇന്നു നാം നേരിടുന്ന കഷ്ടതയുടെ സ്വഭാവം വ്യത്യസ്തമായിരിക്കാം:

1. സഹോദരങ്ങൾ തമ്മിൽ ഏറ്റുമുട്ടൽ ഉണ്ടായേക്കാം. (ഉദാഹരണമായി, ചിലർ പൗലൊസിനെ കള്ളയപ്പൊസ്തലൻ എന്നു വിളിച്ചിരുന്നു; പ്രവൃത്തികൾ 15; 3 യോഹന്നാൻ 9–11.)

2. കഷ്ടത അനുഭവിക്കുന്ന സഹോദരങ്ങളെ കുറിച്ചു നാം കരുതൽ ഉള്ളവരായിരിക്കണം (എബ്രായർ 10:32–36; റോമർ 15:1, 2; 2 കൊരിന്ത്യർ 11:28).

3. പ്രതിസന്ധി നേരിടുന്ന സഹോദരങ്ങളെ നാം പിന്താങ്ങണം (എബ്രായർ 13:3).

4. മറ്റു മതങ്ങളിൽ നിന്നു നമുക്കു ഉപദ്രവങ്ങളും വെല്ലുവിളികളും നേരിട്ടേക്കാം (പ്രവൃത്തികൾ 4:5–22; 5:17–42; 18:5–11), ഗവൺമെന്റിൽ നിന്നും ഉണ്ടായേക്കാം (പ്രവൃത്തികൾ 21:32, 33; 23:10; 28:31; യോഹന്നാൻ 18:29–19:30), അല്ലെങ്കിൽ ദുഷ്ടമനുഷ്യരിൽ നിന്നുണ്ടായേക്കാം (മത്തായി 5:10–12; 2 തിമൊഥെയൊസ് 3:11–13; 4:14).

ദൃഢ ചിത്തതക്കു നേരിടുന്ന പരീക്ഷണങ്ങൾ അതിജീവിക്കുവാൻ സൽസ്വഭാവവും ധൈര്യവും, പ്രവർത്തിക്കുവാനുള്ള പ്രാപ്തിയും വേണം. ആഴത്തിലുള്ള ഉറപ്പു അതാവശ്യപ്പെടുന്നു. *അത്തരം പരീക്ഷണങ്ങളെ നേരിടുവാൻ നിങ്ങൾ തയ്യാറാണോ?* ഇത്തരം നിഷ്ഠൂരതകൾ നേരിടുവാൻ നിങ്ങൾ തയ്യാറായാൽ, എബ്രായർ 10:32–39 വായിക്കുക. വാസ്തവത്തിലുള്ള ശുശ്രൂഷക്കു നാം തയ്യാറാകേണ്ടതിനു വേണ്ട ഉത്തേജനങ്ങൾ പൗലൊസ് അടുത്തതായി നല്കുന്നുണ്ട്.

## നമ്മുടെ ദൃഢചിത്തത സ്ഥിരീകരണത്തിനു കാരണമാകുന്നു (വാ. 8-10)

ആത്മീയമായി ബലഹീനരായവരെ പരീക്ഷണങ്ങൾ ഭീഷണിപ്പെടുത്തും. റൊണാൾഡ് വാർഡ് പറഞ്ഞിരിക്കുന്നു:

> സഭാദ്ധ്യക്ഷനെ കുറ്റവാളിയായി ചങ്ങലയിടുന്നതു, ഇടർച്ച വരുത്തുന്നതുപോലെയാണ്, ഒരാക്ഷേപം കർത്താവിനെ മരണശിക്ഷക്കിടയാക്കിയതുപോലെയാണ്. അത്തരം സ്വാധീനമുള്ള ഒരു സമൂഹത്തോടു ബന്ധപ്പെടുന്നവർ ജാതികളുടെ അല്പത്തം ആസ്വദിക്കുവാൻ മടിക്കുകയില്ല; അധർമ്മം നിമിത്തം ചില ക്രിസ്ത്യാനികളുടെ സ്നേഹം തണുത്തുപോകയും ചെയ്യും (നോക്കുക മത്തായി 24:12). കർത്താവു തന്റെ ദാസനെ കൈവിട്ടതെന്തുകൊണ്ടാണെന്നു ചിലർക്കു മനസ്സിലാകാതെ അതിശയിക്കുന്നു.
>
> പൗലൊസിൽ അവയൊന്നും ഇല്ലായിരുന്നു എന്നതു അന്തർലീനം. അവൻ ചങ്ങലയിൽ ആയിരുന്നതുകൊണ്ട്, അവൻ ചക്രവർത്തിയുടെ തടവുകാരൻ ആയിരുന്നില്ല. അവൻ പറഞ്ഞത് *നമ്മുടെ കർത്താവിനെയും* കൂടാതെ *അവന്റെ തടവുകാരനായ എന്നെയും കുറിച്ചാണ്.* അവൻ തടവിൽ നിന്നു രക്ഷപ്പെട്ടില്ല, എന്നാൽ അവൻ തന്റെ കാരാഗൃഹപ്രമാണിയെ മാറ്റി. അവൻ കർത്താവിന്റെ തടവുകാരനായത്, കർത്താവിന്റെ വേല ചെയ്തതുകൊണ്ടും കർത്താവിന്റെ കരുണയാൽ തടവിൽ അവന് ചെയ്യേണ്ട പ്രവൃത്തി ഉണ്ടായിരുന്നതു കൊണ്ടുമാണ്.... കർത്താവു തന്റെ ദാസന്മാരെ എല്ലായ്പ്പോഴും "സംരക്ഷിക്കുക" യില്ല. ഇരുട്ടിന്റെ പശ്ചാത്തലത്തിലും അവരുടെ സഹിഷ്ണുത ലോകത്തിനു പ്രകാശമായി തീരും. അത്തരം പ്രതിഫലനങ്ങളാൽ തിമൊഥെയൊസിനെ ധൈര്യപ്പെടുത്തുവാൻ കഴിഞ്ഞു.[16]

അവന്റെ ശക്തി (1:7, 8) സുവിശേഷവേലയിൽ നേരിടുന്ന കഷ്ടതയെ *എങ്ങനെ* ഒരാൾക്കു തരണം ചെയ്യുവാൻ കഴിയും എന്നു തെളിയിക്കുന്നു. ദൈവശക്തിയാൽ ലഭിക്കുന്ന സഹായവും പ്രതിഫലവുമായ നേട്ടങ്ങൾ മതിപ്പുളവാക്കുന്ന വിധത്തിലാണ് പൗലൊസ് വിവരിക്കുന്നത്.

*ദൈവത്തിന്റെ അനുരഞ്ജനം പരിഗണിക്കുക.* ദൈവം "നമ്മെ രക്ഷിച്ചത്"[17] *വിശുദ്ധ* വിളിയാലാണ്[18] (1:9).

*ദൈവത്തിന്റെ ഉദ്ദേശം പരിഗണിക്കുക!* നമുക്കുവേണ്ടിയുള്ള അവന്റെ ഉദ്ദേശം കൃപയാണ്. അവന്റെ ഉദ്ദേശം ക്രിസ്തുവിൽ ആണ് (പ്രവൃത്തികൾ 4:12; 1 യോഹന്നാൻ 4:14). നിത്യത ആരംഭിക്കുന്നതിനു മുൻപു തന്നെ ക്രിസ്ത്യാനികൾക്കുവേണ്ട ദൈവത്തിന്റെ ഉദ്ദേശം നിർണ്ണയിച്ചിരുന്നു (1 പത്രൊസ് 1:10–12, 18–21). എന്തൊരു ഉദ്ദേശം! നാം അകൃത്യത്തിൽ *മരിച്ചവർ* ആയിരുന്നപ്പോൾ, അവൻ ക്രിസ്തുവിനോടുകൂടെ നമ്മെ *ജീവിപ്പിച്ചു*. അവനിൽ നാം ഭൂമിയിൽ വെച്ചു ഏറ്റവും വലിയ വ്യക്തിയോടും (അവൻ ഇപ്പോൾ സ്വർഗ്ഗത്തിലാണ്) വലിയ പദ്ധതിയോടും ബന്ധപ്പെട്ടിരിക്കുന്നു, അതു നിത്യതയിൽ നിന്നും നിത്യതക്കുവേണ്ടിയുമാ

ണ്! ഈ സന്ദർഭത്തിൽ പറഞ്ഞതെല്ലാം പൗലൊസ് എഫെസ്യർ 3:1–13 ൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആ ഉദ്ദേശത്തിന്റെ തേജസ്സും പ്രഭയും ഗ്രഹിക്കത്തക്കവണ്ണം അന്വേഷിക്കുമ്പോൾ, നമുക്ക് അതു വിശ്വസിക്കുവാൻ കഴിയുമോ? തെളിവു താഴെ കൊടുക്കുന്നു.

*ക്രിസ്തുവിന്റെ തെളിവു പരിഗണിക്കുക:* "നമ്മുടെ രക്ഷകനായ ക്രിസ്തുയേശുവിന്റെ പ്രത്യക്ഷത" (1:10). യേശു ജീവിതത്തിലേക്കു വന്നതുകൊണ്ടും ദൈവത്തിന്റെ നിത്യമായ നാടകം *തന്റെ പ്രത്യക്ഷതയാൽ* നിറവേറ്റിയതുകൊണ്ടും എന്തെല്ലാം കാര്യങ്ങളാണ് "യഥാസ്ഥാനപ്പെട്ടത്" എന്ന് ഒരു നിമിഷത്തേക്ക് ചിന്തിക്കുക. യിസ്രായേലിന്റെ ചരിത്രത്തിൽ[19] രണ്ടു പ്രാവശ്യം ദൈവം ഇടപെടുന്നതിനെ ബാർക്ക്ലേ സൂചിപ്പിച്ചുകൊണ്ട് "പ്രത്യക്ഷത" യുടെ ഗ്രീക്കു വാക്ക് ഉദ്ധരിച്ചു ഈ പരാമർശങ്ങൾ നടത്തുന്നുണ്ട്:

> *എപിഫാനെയിയ* എന്ന വാക്ക് യെഹൂദനു ദൈവം ഇടപെട്ടു അഭയവും രക്ഷയും നല്കുന്നതാണ്.
>
> യവനനും ഈ വാക്കു വലിയ തത്തുല്യമായ വാക്കാണ്. ചക്രവർത്തിയുടെ സിംഹാസന സ്വീകരണത്തിനും *എപിഫാനെയിയ* ഉപയോഗിച്ചിട്ടുണ്ട്. അതു അവന്റെ പ്രദർശനം ആയിരുന്നു. ഉയർന്ന പ്രത്യാശയോടെയാണ് ഓരോ ചക്രവർത്തിയും സിംഹാസനത്തിലേക്കു വരുന്നത്; അവൻ വരുന്നതു ഒരു പ്രഭാതവും വിലയേറിയ ദിവസവും വരുന്നതുപോലെയും, വരുവാനുള്ള വലിയ അനുഗ്രഹങ്ങൾ പോലെയും ആയിരുന്നു.
>
> യേശുവിന്റെ *എപിഫാനെയിയ*യോടുകൂടെയാണ് സുവിശേഷം പ്രദർശിപ്പിച്ചത്; ആ വാക്കു തന്നെ കാണിക്കുന്നതു യേശു ദൈവത്തിന്റെ വലിയ അഭയം നല്കുന്നവനും, ലോകത്തിനു രക്ഷ പ്രദർശിപ്പിക്കുന്നവനുമായിട്ടായിരുന്നു; യേശുവിന്റെ വരവു അവന്റെ സിംഹാസനത്തിലേക്കുള്ള ആരോഹണത്തിന്റെ ആരംഭം ആയിരുന്നു അതു അവസാനം ദൈവരാജ്യത്തിന്റെ സിംഹാസനമാകും.[20]

ആ സമയത്തു യേശുവിന്റെ പ്രത്യക്ഷത രണ്ടു കാര്യങ്ങൾ നേടിയതായി പൗലൊസ് പറയുന്നു:

1. ശത്രുവിനെ തുടച്ചു നീക്കി – "മരണത്തെ നീക്കിയവൻ." ശ്രദ്ധിക്കുക 1 കൊരിന്ത്യർ 15:24–26. ക്രിസ്തു പുനരുത്ഥാനവും ജീവനും ആകയാൽ (യോഹന്നാൻ 11:25), മരണത്തിന്റെ ശത്രുവിനെ നിഷ്പ്രഭമാക്കി, മരണത്തെ പോലും ജയമാക്കി മാറ്റി (1 കൊരിന്ത്യർ 15:50–57; ഫിലിപ്പിയർ 3:7–14; 1:21–23).

2. നമ്മിൽ ആത്മികവർദ്ധന വരുത്തുന്ന പ്രകാശം: "... സുവിശേഷത്താൽ ജീവനും[21] അക്ഷയതയും പ്രകാശത്തിലേക്കു കൊണ്ടുവന്നവൻ." ആ ജീവൻ ഇപ്പോഴുള്ളതിനേക്കാൾ വലുതാണ്; പൗലൊസ് ഉപയോഗിച്ച വാക്ക് പറയുന്നതു സന്തോഷവും സ്വർഗ്ഗീയാനുഭൂതിയും ഉള്ളതാണ്. ആ നല്ല ജീവൻ "അക്ഷയമായ"[22] ഒന്നാണ്.

നല്ലതും സമൃദ്ധവുമായ ജീവനുവേണ്ടിയാണ് ക്രിസ്തു നമ്മെ വിളിച്ചത് (മത്തായി 5:16; യോഹന്നാൻ 10:10; 13:17), അക്ഷയതയുടെ വ്യാപ്തിയും ചേർക്കുന്നുണ്ട് (യോഹന്നാൻ 5:24; 8:51; 2 കൊരിന്ത്യർ 4:16–5:1). അത്തരം പ്രകാശിപ്പിക്കൽ നമുക്ക് ഇപ്പോൾ ആത്മവിശ്വാസം നമ്മുടെ മാർഗ്ഗമദ്ധ്യേ വർദ്ധിപ്പിക്കും. (നോക്കുക 1 പത്രൊസ് 1:3–9.) ഹെൻഡ്രിക്സൺ എഴുതിയിരിക്കുന്നു,

> ഒരുപക്ഷെ, വിശ്വാസിക്കു വലിയ അനുഗ്രഹം ഇവിടെ ഇപ്പോൾ *തത്വത്തിൽ* ലഭിക്കുമെങ്കിലും, സ്വർഗ്ഗത്തിൽ *കൂടുതലായ വളർച്ചയിൽ*, ക്രിസ്തുവിന്റെ രണ്ടാം പ്രത്യക്ഷത വരെ, അവന് അതു *പൂർണ്ണമായി* ലഭിക്കുകയില്ല എന്നാണ് വ്യക്തമാകുന്നത്. ആ ദിവസം വരുന്നതുവരെ, വിശ്വാസികളുടെ ശരീരങ്ങൾ എല്ലാം നശീകരണത്തിന്റേയും മരണത്തിന്റേയും പ്രമാണത്തിനു കീഴ്പ്പെട്ടിരിക്കും. *മാലിന്യമില്ലാത്ത ജീവൻ, ക്ഷയമില്ലാത്ത രക്ഷ*, മുഴുവൻ അർത്ഥത്തിലും, പുതിയ ആകാശത്തിനും പുതിയ ഭൂമിയിക്കും അവകാശപ്പെട്ടതാണ്.അതു നമുക്കുവേണ്ടി സൂക്ഷിച്ചിരിക്കുന്ന അവകാശമാണ്.[23]

*ചുരുക്കത്തിൽ,* പൗലൊസ് തിമൊഥെയൊസിനോടു പറഞ്ഞു, "മനുഷ്യർ ദൈവജനത്തിനെതിരായി ചെയ്യുന്നതു നോക്കരുത്. *കർത്താവു തന്റെ ജനത്തിനു എന്തു ചെയ്തു എന്നു നോക്കുക.* കണ്ണുകളെ ഉയർത്തി കർത്താവിന്റെ പ്രത്യക്ഷതയിൽ ലഭിക്കുന്ന ആനുകൂല്യങ്ങളെ നോക്കുക, *ലജ്ജിക്കരുത്. തലയുയർത്തി യജമാനന്റെ അടുക്കലേക്കു നടക്കുക!"*

## നമ്മുടെ ദൃഢചിത്തതയെ സാന്ദ്രീകരിക്കുന്ന ഒരു മാതൃക (വാ. 11, 12)

യേശുവിന്റെ നിലവാരം അനുസരിച്ചായിരുന്നു പൗലൊസ് ജീവിച്ചത് (1 കൊരിന്ത്യർ 11:1; യോഹന്നാൻ 13:3–17; 1 പത്രൊസ് 2:1–15). മൂന്നു തരത്തിലുള്ള ഉത്തരവാദിത്വമായിരുന്നു പൗലൊസിൽ ഉണ്ടായിരുന്നത്, അവ ഓരോന്നും മിക്ക മനുഷ്യരെയും വെല്ലുവിളിക്കുന്നതായിരുന്നു. അവ മൂന്നിലും, പൗലൊസ് ധീരവും ഫലപ്രദവുമായ ദാസൻ ആയിരുന്നു. തന്നെ തിരഞ്ഞെടുത്തവനിൽ അവൻ ആശ്രയിച്ചതുകൊണ്ടു തന്റെ ശുശ്രൂഷയിൽ അവൻ ദൃഢചിത്തനായിരുന്നു (ഗലാത്യർ 1:15, 16; പ്രവൃത്തികൾ 9:15, 16).

തീർച്ചയായും, പൗലൊസിന്റെ തിരഞ്ഞെടുപ്പിൽ നാം പ്രത്യേകത കാണുന്നുണ്ട് – തിരഞ്ഞെടുത്തവനിലും കൊടുത്ത ചുമതലയിലും അതു ദൃശ്യമാണ്. പൗലൊസ് എഴുതി: "ഞാൻ നിയമിക്കപ്പെട്ടിരിക്കുന്നു"[24] (1:11). പൗലൊസിന്നു എന്തു ചെയ്യുവാൻ കഴിയുമെന്നു ദൈവത്തിനറിയാമായിരുന്നു. അതുകൊണ്ടു, അവൻ അവനെ "ഉപദേഷ്ടാവായി"[25] നിയമിച്ചു. ബാർക്ക്ലേ നിരീക്ഷിച്ചു,

> ഗ്രീക്കിൽ *കെറൂസ്* [ഉപദേഷ്ടാവു] എന്ന വാക്കിനു വിശാലമായ അർത്ഥമാണുള്ളത്. അതിനു മൂന്നു വരികളുള്ള അർത്ഥമാണുള്ളത്,

> അതോരോന്നും നമ്മുടെ ക്രിസ്തീയ കടമയെ ബോധ്യപ്പെടുത്തുന്നു. രാജാവിൽ നിന്നുള്ള സന്ദേശം കൊണ്ടുവന്നു പ്രഖ്യാപിക്കുന്നവനായിരുന്നു *കെറൂസ്*. രണ്ടു പട്ടാളങ്ങൾ തമ്മിൽ എതിർക്കുമ്പോൾ മദ്ധ്യവർത്തിയായി പോകുന്ന രഹസ്യ ദൂതനെയായിരുന്നു *കെറൂസ്* എന്നു വിളിച്ചിരിക്കുന്നത്, അവനായിരുന്നു യുദ്ധ വിരാമത്തിന്റേയും സമാധാനത്തിന്റേയും സന്ദേശം കൊണ്ടു വന്നിരുന്നത്. ഒരു ലേലം ചെയ്യുന്ന ആളെ അല്ലെങ്കിൽ കച്ചവടക്കാരന്റെ വില്പനയ്ക്കുള്ള ചരക്ക് വിളിച്ചു പറയുന്ന ജോലിക്കാരനെ, ചരക്കു വാങ്ങുവാൻ ആളുകളെ ക്ഷണിക്കുന്നവനെ *കെറൂസ്* എന്നു വിളിച്ചിരുന്നു. അതുകൊണ്ട് ഒരു ക്രിസ്ത്യാനി സന്ദേശം തന്റെ സഹമനുഷ്യരിൽ എത്തിക്കുന്ന വ്യക്തിയാവണം; മനുഷ്യരെ യുദ്ധ വിരാമത്തിലേക്കും ദൈവിക സമാധാനത്തിലേക്കും കൊണ്ടു വരേണ്ടതും അവനാണ്; ദൈവം തന്റെ ജനത്തിനു നല്കുവാനിരിക്കുന്ന സമ്പത്തു സ്വീകരിക്കുവാൻ ആളുകളെ ക്ഷണിക്കേണ്ടതും അവനായിരിക്കണം.[26]

രണ്ടാമതു, പൗലൊസ് "അപ്പൊസ്തലനായി"[27] നിയമിക്കപ്പെട്ടിരുന്നു. "ദ *അപ്പൊസ്തോലോസ്* [അപ്പൊസ്തലൻ] തനിക്കുവേണ്ടി സംസാരിച്ചില്ല; അവൻ തന്നെ അയച്ചവനുവേണ്ടി സംസാരിച്ചു. *അപ്പോസ്തോലോസ്* തന്റേതായ അധികാരത്തിലല്ല വന്നതു; അവൻ തന്നെ അയച്ചവന്റെ അധികാരത്തിലാണ് വന്നത്."[28] പൗലൊസിനെ അയച്ചതു ക്രിസ്തുവാകയാൽ, എത്ര മഹത്തായ അധികാരമാണ് പൗലൊസിനും മറ്റു അപ്പൊസ്തലന്മാർക്കും ലഭിച്ചത് (മത്തായി 28:18–20; ലൂക്കൊസ് 10:16; എഫെസ്യർ 2:19–3:5)!

മൂന്നാമതു, പൗലൊസിനെ ഒരു "ഉപദേഷ്ടാവായി"[29] നിയമിച്ചു. ഉപദേഷ്ടാവു ക്രിസ്തുവിനുവേണ്ടി തന്ത്രപ്രധാനമായ പങ്കാണ് വഹിക്കുന്നതു:

> മനുഷ്യരോടു അഭ്യർത്ഥിക്കേണ്ട ജോലി സുവിശേഷകന്റേതാണ്, ദൈവ സ്നേഹ സന്ദേശം മനുഷ്യരെ നേരിട്ടു അവരിലേക്ക് എത്തിക്കേണ്ടത് അവനാണ്. ഉജ്ജ്വലമായ വികാരത്താൽ, ... ആ ക്ഷണം ഒരു മനുഷ്യൻ സ്വീകരിച്ചേക്കാം. പക്ഷെ ദീർഘദൂരം പോകേണ്ടതുണ്ട്. അയാൾ അതിന്റെ അർത്ഥം മനസ്സിലാക്കണം; അച്ചടക്കമുള്ള ക്രിസ്തീയ ജീവിതം അവൻ ശീലിക്കണം. വിത്തു നട്ടിരിക്കുന്നു; എന്നാൽ മന്ദമായ നീണ്ട വളർച്ച നടക്കേണ്ടതുണ്ട്. അടിസ്ഥാനം ഇട്ടിരിക്കുന്നു, എന്നാൽ ക്രിസ്തീയ ജീവിതത്തിന്റെ കെട്ടിടം പണി ഉയരേണ്ടതായിട്ടുണ്ട്. ക്രിസ്തീയ ഉപദേശത്തിന്റെ തുടർച്ചയായ വെളിച്ചത്തെ പിൻപറ്റി വേണം സുവിശേഷത്തിന്റെ ജ്വാല ആളിക്കത്തി പടരുവാൻ.[30]

അങ്ങനെ, നിർവ്വചനത്താൽ, ഒരു "ഉപദേഷ്ടാവു" ആളുകളുടെ ശ്രദ്ധയെ ആകർഷിക്കുന്നു, ഒരു "അപ്പൊസ്തലൻ" അധികാരത്തോടു

കൂടി സ്വർഗ്ഗീയ സന്ദേശം മനുഷ്യരിലെത്തിക്കുന്നു, ഒരു "സുവിശേഷകൻ" വളർച്ചക്കുള്ള പ്രത്യേക മാർഗ്ഗരേഖ നല്കുന്നു. പൗലൊസ് സുപ്രധാനമായ ആ ശുശ്രൂഷകളെല്ലാം നിർവ്വഹിച്ചിരുന്നു. പൗലൊസിനു മൂന്നു പ്രത്യേക ചുമതലകൾ കൊടുത്തിരുന്നു, എന്നാൽ ഒരു സുവിശേഷകൻ അതിൽ രണ്ടു പ്രവൃത്തികൾ ചെയ്യണം: അതു ഒരു ഉപദേഷ്ടാവും സുവിശേഷകനുമായിട്ടാണ് (നോക്കുക 2 തിമൊഥെയൊസ് 4:1–5; 2:2; തിത്തൊസ് 1:5; 2:15).

പൗലൊസ് ഒരു കഷ്ടതയേറ്റ ദാസനായിരുന്നു (1:12). അവൻ കുറ്റവാളിയായതുകൊണ്ട് "ശിക്ഷക്കു ആർത്തിപൂണ്ടവൻ" ആയിരുന്നില്ല. മറിച്ചു, അവൻ ക്രിസ്തുവിന്റേയും പത്രൊസിന്റേയും മനോഭാവത്തിലാണ് ശുശ്രൂഷിച്ചത് (നോക്കുക 1 പത്രൊസ് 3:15–18). അവന്റെ പങ്കു നിരുത്തരവാദപരമോ ഒഴിവാക്കാനാവാത്തതോ ആയിരുന്നില്ല (നോക്കുക 2 കൊരിന്ത്യർ 4:16–5:10). തന്റെ കഷ്ടതക്കു ഒരു "കാരണമുണ്ടെന്നു"[31] പൗലൊസ് അറിഞ്ഞിരുന്നു. തന്റെ കഷ്ടത യുക്തമാണെന്നു പൗലൊസ് മനസ്സിലാക്കിയതായി സന്ദർഭം വ്യക്തമാക്കുന്നു. സഭയുടെ വളർച്ചക്കും സുവിശേഷം സകല സൃഷ്ടികളിലേക്കും എത്തേണ്ടതിനും തന്റെ യാത്രയിൽ അത് അനിവാര്യമാണെന്നു അവൻ അറിഞ്ഞിരുന്നു (നോക്കുക കൊലൊസ്യർ 1:23–29).

ആ "കാരണത്താൽ," കഷ്ടതയേറ്റു പൗലൊസ് എഴുതി, "ഞാൻ ലജ്ജിക്കുന്നില്ല." ഒരിക്കൽ കൂടെ നാം കഷ്ടതയും ലജ്ജയും കണ്ടുമുട്ടുന്നു (നോക്കുക വാക്യം 8). അവ ഒരുമിച്ചായിരിക്കാം വരിക, പക്ഷെ അതു ക്രിസ്തു നിമിത്തം ആണെങ്കിൽ, പൗലൊസ് ലജ്ജിക്കുകയില്ല. ക്രിസ്തുവിന്റെ നാമം നിമിത്തം പരീക്ഷിക്കപ്പെട്ടപ്പോൾ നിങ്ങൾ എപ്പോഴെങ്കിലും ലജ്ജിക്കപ്പെടുകയോ നിശബ്ദനാകുകയോ ചെയ്തിട്ടുണ്ടോ?

"ലജ്ജിക്കുക" എന്നതിന്റെ നിർവ്വചനം കൊടുത്തിട്ടുള്ളത്, നാം എവിടെ ലജ്ജിക്കപ്പെടാനിടയുണ്ടെന്നു തിരുവെഴുത്തിൽ സൂചിപ്പിക്കുന്നതിനെ പറയുന്നു: (1) മറ്റു ചില സഹോദരന്മാരിൽ നിന്നോ സഹോദരിമാരിൽ നിന്നോ, (2) വാക്കുകളാലോ അല്ലെങ്കിൽ സുവിശേഷത്താലോ, (3) കർത്താവിനുവേണ്ടി സാക്ഷ്യപ്പെടുത്തുമ്പോൾ, (4) ക്രിസ്ത്യാനിത്വ ജീവിത മാതൃകയിൽ സഹിക്കേണ്ടി വരുന്നത് (നോക്കുക എബ്രായർ 10:32–36). അത്തരം സന്ദർഭത്തിൽ ക്രിസ്ത്യാനികൾ സഹിക്കുന്നതിനെ "സിസ്സീസ്" എന്നു പറയുവാനാകില്ല. ആ വെല്ലുവിളികൾ യാഥാർത്ഥ്യവും ബലഹീനതകളാൽ തരണം ചെയ്യുവാൻ കഴിയാത്തതുമാണ് (നോക്കുക 1 കൊരിന്ത്യർ 16:13, 14; എഫെസ്യർ 6:10–18).

പൗലൊസ് ലജ്ജയെ സ്വീകരിച്ചതു തികച്ചും യുക്തവും ദൈവത്തിലുള്ള ഉറച്ച ആശ്രയം നിമിത്തവുമായിരുന്നു!

### നമ്മുടെ ദൃഢചിത്തതയെ ഉണർത്തുവാനുള്ള ഒരു ഉറവിടം (വാ. 12)

പൗലൊസിന്റെ സാക്ഷ്യം തുടർന്നു പറയുന്നു, "അതു നിമിത്തം തന്നേ ഞാൻ ഇതൊക്കെയും സഹിക്കുന്നു, എങ്കിലും ലജ്ജിക്കുന്നില്ല; ഞാൻ ആരെ വിശ്വസിച്ചിരിക്കുന്നു എന്നറിയുന്നു അവൻ എന്റെ ഉപ

നിധി ആ ദിവസം വരെ സൂക്ഷിപ്പാൻ ശക്തൻ എന്നു ഉറച്ചുമിരിക്കുന്നു" (1:12).

ദൈവത്തോടുള്ള സമർപ്പണത്തിൽ വ്യണം - ഏല്ക്കപ്പെട്ട ധ്യാന ത്തിനു സ്ഥാനമില്ല. പൗലൊസ് എഴുതി, "ഞാൻ അവനെ അറിയുന്നു."[32] ജ്ഞാനത്തിനു പ്രാധാന്യം കൊടുക്കുന്നതിനോ അറിയുന്നതിനോ ഇതിനേ ക്കാൾ ശക്തമായ മറ്റൊരു ഗ്രീക്ക് വാക്കില്ല! കർത്താവിനെ അറിയുക (ആശ്ര യിക്കുക) എന്നതിൽ മൂന്നു ഭാഗം പൗലൊസ് തിരിച്ചറിഞ്ഞിരിക്കുന്നു:

1. "ഞാൻ ആരെ വിശ്വസിച്ചിരിക്കുന്നു എന്നറിയുന്നു."[33] പൗലൊ സിന്റെ ജീവിതം ബൈബിൾ വിശ്വാസത്തിന്റെ ജീവിക്കുന്ന ദൃഷ്ടാന്ത മായിരുന്നു - ദൈവം അംഗീകരിച്ച വിശ്വാസം - ക്രിസ്തുവിൽ ആശ്ര യിക്കുക മാത്രമല്ല അതോടുകൂടെ അനുസരണവും ഉണ്ടായിരുന്നു! കഷ്ട തയുടെ മധ്യത്തിലും അനുസരിക്കുന്ന വിശ്വാസമായിരുന്നു പൗലൊ സിന്റേത് (നോക്കുക ഫിലിപ്പിയർ 3:7–11). ആഴത്തിലുള്ള വിശ്വാസം സത്യ ത്തോടും ദൈവത്തോടും ഉള്ള ബഹുമാനമാണ്.

2. "ഞാൻ അറിയുന്നു." 1:5 ന്റെ ചർച്ച മുൻപു പറഞ്ഞതു വീണ്ടും നോക്കുക, അവിടെ പൗലൊസ് ഇതേ രീതിയിലുള്ള പദപ്രയോഗം നട ത്തുമ്പോൾ തിമൊഥെയൊസിന്റെ ആത്മാർത്ഥ വിശ്വാസത്തിൽ പൗലൊ സിനു ആത്മവിശ്വാസം ഉള്ളതായി പറയുന്നുണ്ട്. തന്റേതുപോലെയുള്ള വിശ്വാസം തിമൊഥെയൊസിനു ഉണ്ടാകണമെന്ന ഊന്നലാണ് ഈ സമ യത്തു നല്കുന്നതെന്നു തോന്നുന്നു.

3. ക്രിസ്തുവിലുള്ള പൗലൊസിന്റെ ആത്മവിശ്വാസമാണ് ചിലതു രക്ഷ കനിൽ "ഭരമേല്പിക്കുവാൻ" അവനെ പ്രേരിപ്പിച്ചത്. "എന്നിലുള്ള ഉപനിധി സൂക്ഷിക്കുവാൻ" കർത്താവു പ്രാപ്തൻ എന്നാണ് ഗ്രീക്ക് അക്ഷരികമായി പറയുന്നത്. എന്താണ് ഉപനിധി? ഈ പദ പ്രയോഗത്തെ സംബന്ധിച്ചുള്ള വീക്ഷണങ്ങൾ റൊണാൾഡ് വാർഡ് ചുരുക്കി പറഞ്ഞിരിക്കുന്നു:

> *ഉപനിധി എന്നതു സുവിശേഷമാണെന്നു ചില പണ്ഡിതന്മാർ കരു തുന്നു (ഒത്തു. വാ. 14)... മറ്റുള്ളവർ കാണുന്നതു, പൗലൊസിന്റെ ആത്മാവിനെയാണ്.* അവസാന നാളും വിശ്വാസവും ആശ്രയവു മെല്ലാം പരിശോധിക്കുമ്പോൾ രണ്ടാമത്തെ വീക്ഷണം യോജിക്കു ന്നതായി തോന്നുന്നു, വിശ്വാസം അർത്ഥമാകുന്നതു പ്രത്യേകിച്ചു ഒരാൾ തന്നെത്തന്നെ കർത്താവിനു ഭരമേല്പിക്കുമ്പോഴാണ്. "ഉപ നിധിയും" "വിശ്വാസവും" തമ്മിലുള്ള ബന്ധം 1 പത്രൊസ് 4:19-ൽ കാണാം, "... തങ്ങളുടെ പ്രാണനെ (വിശ്വസ്തനായ) സൃഷ്ടാവി ങ്കൽ ഭരമേല്പിക്കട്ടെ." പൗലൊസ് അതേ ക്രിയ ("ഉപനിധി" എന്ന തിന്റെ മൂലപദാർത്ഥം) പ്രവൃത്തികൾ 20:32-ൽ ഉപയോഗിച്ചിട്ടുണ്ട്, അക്ഷരികമായി "ഇപ്പോൾ ഞാൻ നിന്നെ ദൈവത്തോടു കൂടെ ഏല്പിക്കുന്നു. ..." ബെഞ്ചെൽ ഇതിനെ സമർത്ഥമായി ചുരുക്കി പറയുന്നുണ്ട്: "പൗലൊസ് വിട്ടുപോകുവാനിരിക്കുമ്പോൾ രണ്ടു ഏല്പിക്കൽ നടത്തുന്നുണ്ട്, ഒന്നു അവനെ കർത്താവിനു ഏല്പി ക്കുന്നു മറ്റൊന്നു തിമൊഥെയൊസിനു ഏല്പിക്കുന്നു." അതു കൊണ്ടു പൗലൊസിനു കഷ്ടത ലജ്ജ വരുത്തിയില്ല വിശ്വാസം

അവന്നു തീർച്ചയുള്ളവനാക്കി. "വാടാതെ എങ്ങനെ നടന്നു" എന്നു പൗലൊസ് വാക്യം 8-ൽ തന്റെ തടവിനെ സംബന്ധിച്ചു പറയുന്നതു ശ്രദ്ധിക്കുക, എന്നാൽ വാക്യം 9-ൽ അവൻ ദൈവകൃപയാലും ശക്തിയാലും ഒരു ഓട്ടത്തിലേക്കു തിരിയുകയും, പെട്ടെന്നു കഴുകന്റെ ചിറകുകളോടെ ഉയരത്തിലേക്കു പറക്കുകയും ചെയ്യും എന്നു കാണിക്കുന്നു (ഒത്തു. വാ. യെശയ്യാവു 40:31). ആ ഒരു മനോഭാവത്താൽ അവനു ലജ്ജയുണ്ടായില്ല. തിമൊഥെയൊസിനും[34] അതു വാസ്തവമായിരുന്നു. (എംഫസിസ് മൈൻ.)

ക്രിസ്തു അമർത്യത വെളിച്ചത്തിലേക്കു കൊണ്ടു വന്നിരിക്കുന്നതായി പൗലൊസ് പറയുന്നു (1:10). അവൻ ആത്മവിശ്വാസത്തോടെ ഉറപ്പിച്ചു പറയുന്നു, "ഞാൻ ആരെ വിശ്വസിച്ചിരിക്കുന്നു എന്നു ഞാൻ അറിയുന്നു. അവൻ, എന്റെ ഉപനിധി ആ ദിവസം വരെ സൂക്ഷിപ്പാൻ ശക്തൻ എന്നു ഉറച്ചുമിരിക്കുന്നു." തടവിൽ കിടന്നു മരണത്തോടടുത്തിരിക്കുന്ന ഒരാളുടെ ആത്മവിശ്വാസത്തോടുകൂടെയുള്ള പരാമർശങ്ങൾ നമ്മുടെ ദൃഢചിത്തതയെ ഉണർത്തുക തന്നെ ചെയ്യും!

## നമ്മുടെ ദൃഢചിത്തതയെ ചുരുക്കുവാനുള്ള ഒരു കല്പന (വാ. 13, 14)

തന്നിൽ നിന്നു തിമൊഥെയൊസിനു തരുന്ന കല്പന അപ്പൊസ്തലിക അധികാരത്താലാണെന്നു പൗലൊസ് ഊന്നി പറയുന്നു. അവൻ പറഞ്ഞു, "എന്നോടുകേട്ട പത്ഥ്യവചനം, നീ ക്രിസ്തു യേശുവിലുള്ള വിശ്വാസത്തിലും സ്നേഹത്തിലും മാതൃകയാക്കി കൊൾക. ആ നല്ല ഉപനിധി, നമ്മിൽ അധിവസിക്കുന്ന പരിശുദ്ധാത്മാവിനാൽ, സൂക്ഷിച്ചു കൊൾക" (1:13, 14).

ആ കല്പനയുടെ ആദ്യഭാഗം "സൂക്ഷിച്ചു കൊൾക" എന്നാണ്. അവൻ പറഞ്ഞു, "പത്ഥ്യ വചന പ്രകാരമുള്ള നിലവാരം സൂക്ഷിച്ചു കൊൾക."[35] പൗലൊസ് ഇവിടെ പറയുന്നതു ചെയ്യേണ്ടതിനെ "ഉറപ്പിക്കുകയാണ്." തിമൊഥെയൊസ് (അല്ലെങ്കിൽ ഏതൊരു സുവിശേഷകനും) എന്തു ചെയ്യണം എന്നു മാത്രമല്ല പൗലൊസ് ഊന്നി പറയുന്നത്, തിമൊഥെയൊസിനു നല്കിയ കല്പന എങ്ങനെ സൂക്ഷിക്കണം എന്നും പറയുന്നുണ്ട്:

*വിശ്വാസത്തിൽ* – കല്പന സൂക്ഷിക്കേണ്ടതിനുള്ള ശക്തി (1 യോ. 5:4)
*സ്നേഹത്തിൽ* – കല്പന സൂക്ഷിക്കേണ്ട മനോഭാവം (1 കൊരി. 13:4–8)
*ക്രിസ്തുവിൽ* – കല്പനയുടെ ഉറവിടം (ഫിലി. 4:13; റോ. 8:35–39)

കല്പനയുടെ രണ്ടാം ഭാഗം *ഓട്ടം തികയ്ക്കുവാൻ സഹായിക്കുന്ന ഉറവിടത്തെ സൂക്ഷിക്കുക* എന്നതാണ്. *ഇതു ചെയ്യേണ്ടതു പരിശുദ്ധാ*

*ത്മാവിനാലാണ്* (1:14).

"ഉപനിധി" (സമർപ്പിക്കപ്പെട്ട ചിലതു) എന്നതിന്റെ ഗ്രീക്കുവാക്കാണ് വീണ്ടും പൗലൊസ് ഉപയോഗിച്ചത്, ഈ സമയത്ത് അതിനെ "അമൂല്യ മായത്"[36] എന്നാണ് പറഞ്ഞിരിക്കുന്നത്. അവൻ തിമൊഥെ യൊസിനോടു (നമ്മളോടും) ഒരു ഉപനിധിയായി "സൂക്ഷിക്കണം"[37] എന്നാജ്ഞാപിച്ച ത് ഒരു ഭടനെ പോലെയാണ്. ആ സൂക്ഷിക്കൽ നടത്തേണ്ടതു "നമ്മിൽ വസിക്കുന്ന പരിശുദ്ധാത്മാവു മുഖാന്തരമാണ്." ഹെൻഡ്രിക്സൺ ഈ ഒരു വിവരണം നല്കിയിരിക്കുന്നു:

> തന്നിൽ ഒരിക്കൽ ഭരമേല്പിക്കപ്പെട്ട ഉപനിധി കാത്തുസൂക്ഷിക്കു വാനാണ് തിമൊഥെയൊസിനോടു പറഞ്ഞത്. അതിനെ എതിർക്കുന്ന ഓരോന്നിനേയും അവൻ പ്രതിരോധിക്കയും അതിനു ചെറിയ തോതിൽ പോലും മാറ്റം വരുത്തുവാനോ മോഡിപിടിപ്പി ക്കുവാനോ ഒരിക്കലും അവൻ അനുവദിക്കരുത്.
>
> ശത്രു ബലമുള്ളവനും തിമൊഥെയൊസ് ബലഹീനനും ആക യാൽ, ആ സൂക്ഷിപ്പു "നമ്മിൽ വസിക്കുന്ന പരിശുദ്ധാത്മാവിനാൽ മാത്രമെ സാധിക്കൂ," അതായതു, പൗലൊസിലും, തിമൊഥെയൊ സിലും, വിശ്വസിക്കുന്ന എല്ലാവരിലും വസിക്കുന്ന ആത്മാവിനാൽ മാത്രമെ സാധിക്കൂ എന്നു ബുദ്ധിപരമായി പൗലൊസ് പറയുന്നു (റോമർ 8:11).[38]

ആത്മാവിന്റെ ഉപദേശത്തോടു പറ്റിച്ചേർന്നു, അതായതു, വചനോപദേശ ത്തോടു ചേർന്നു, നാം - നമ്മിൽ വസിക്കുന്ന പരിശുദ്ധാത്മാവു മുഖാ ന്തരം - ഉപനിധി കാത്തു സൂക്ഷിക്കുന്നു. അധിവസിക്കുന്ന ആത്മാ വിനെത്യജിക്കുന്നതു ക്രിസ്ത്യാനി സത്യത്തെ സൂക്ഷിക്കാതിരിക്കുന്ന തിനു തുല്യമാണ്. സത്യത്തെ അതിന്റെ നിർമ്മലതയോടും ശക്തിയോടും നമ്മിൽ വിശ്വസ്തമായിരിക്കുന്നത് നിഷേധിച്ചു കാണുവാനാണ് സാത്താൻ ആഗ്രഹിക്കുന്നത്! ആകാശവും ഭൂമിയും ഒഴിഞ്ഞു പോയാലും, ദൈവത്തിന്റെ വചനം എന്നേക്കും നിലനില്ക്കും (മത്തായി 24:35). എങ്ങ നെയായാലും, അവന്റെ വിലയേറിയ വചനങ്ങൾ മൺപാത്രങ്ങളിലാണ് തന്നിരിക്കുന്നത് (2 കൊരിന്ത്യർ 4:2-6), അതുകൊണ്ട് പൗലൊസ് ചുമതല പ്പെടുത്തിയ സൂക്ഷിപ്പു നടത്തുവാൻ നാം കടപ്പെട്ടിരിക്കുന്നു.

## പാഠം 4: ദൃഢചിത്തതയെ സംബന്ധിച്ച ഒരു തിരഞ്ഞെടുപ്പു (1:15-18)

അവന്റെ മുമ്പാകെ ഒരു തിരഞ്ഞെടുപ്പു ഉള്ളതായി പൗലൊസ് തിമൊ ഥെയൊസിനോടു പറഞ്ഞു. ക്രിസ്ത്യാനിത്വം നിരന്നതായ, നിഷ്പക്ഷ മായതല്ല, പിന്നെയോ സമതലം അനുകൂലിക്കുന്നതാണ്. നാം ഒന്നുകിൽ ഉണർന്നു സമയം തക്കത്തിൽ ഉപയോഗിക്കും അല്ലെങ്കിൽ അപകീർത്തി യിലേക്ക് മടങ്ങി പോകും (നോക്കുക എഫെസ്യർ 5:15-17).

## വിശ്വാസമില്ലാതായി തീർന്ന
## അനുയായികൾ (വാ. 15)

യേശു മത്തായി 7:13, 14-ൽ പറഞ്ഞ വിശാലമായ വഴിയായിരിക്കണം വാക്യം 15 ലെ ചിത്രീകരണം. പൗലൊസ് പറഞ്ഞു, “ആസ്യക്കാർ *എല്ലാവരും* എന്നെ *വിട്ടുപൊയ്ക്കളഞ്ഞു*[39] എന്നു നീ അറിയുന്നുവല്ലോ, ...” രണ്ടുപേർ ഇവിടെ പറഞ്ഞിരിക്കുന്നതു ഫുഗലൊസും ഹെർമ്മൊഗനേസും ആണ്. പുതിയ നിയമത്തിൽ ഇവിടെ മാത്രമെ അവരെപ്പറ്റി പറയുന്നുള്ളൂ. അപ്പൊസ്തലിക ഉപദേശത്തെ വിട്ടുകളയുന്നതായിരുന്നു അവരുടെ പാരമ്പര്യം. അവർ ഇസ്ക്കാര്യോത്താ യൂദയെ പോലെ യാത്ര തിരിക്കുകയും മാർഗ്ഗ മദ്ധ്യേ ഇടറി പോകയും ചെയ്തു, മറ്റുള്ളവരെ അവർ നിരാശരാക്കി!

## വിശ്വസ്തനായിരുന്ന അനുയായി
## (വാ. 16-18)

ദൈവ കരുണക്കു[40] യോഗ്യനായി തീർന്നവനായിരുന്നു ഒനേസിഫൊരൊസ്. ഒനേസിഫൊരൊസിനെ കുറിച്ചു പൗലൊസ് ഇങ്ങനെ തീർപ്പു കല്പിക്കുവാൻ കാരണം താഴെ കൊടുത്തിരിക്കുന്നു:

ഒന്നാമതു, അവൻ പൗലൊസിനെ “പലപ്പോഴും തണുപ്പിച്ചവൻ” ആയിരുന്നു (1:16). പൗലൊസിന്റെ സാഹചര്യത്തിൽ, അവൻ തീർച്ചയായും ക്രിസ്തീയ കൂട്ടായ്മ ആഗ്രഹിച്ചു. ഒനേസിഫൊരൊസ് നല്കിയ പ്രോത്സാഹനം അവന്റെ പ്രാണനെ തണുപ്പിച്ചു.

രണ്ടാമതു, പൗലൊസിന്റെ ചങ്ങലയിൽ അവൻ “ലജ്ജിച്ചില്ല” (നോക്കുക 1:8, 12). പൗലൊസ് തിമൊഥെയൊസിൽ നിന്നു എന്താവശ്യപ്പെട്ടുവോ അതായിരുന്നു ഒനേസിഫൊരൊസ് കാണിച്ചത്.

മൂന്നാമതു, അവൻ പൗലൊസിനെ “താല്പര്യത്തോടെ തിരഞ്ഞു” (1:17). ഏതവസ്ഥ പലരേയും പൗലൊസിനെ വിട്ടു പോകുവാനിടയാക്കിയോ അതേ അവസ്ഥ ഒനേസിഫൊരൊസ് അന്വേഷിച്ചു. അവൻ പൗലൊസിനോടുകൂടെ ഇരിപ്പാൻ ആഗ്രഹിച്ചു. അതു “വേദന ഇഷ്ടപ്പെടുന്ന കൂട്ടായിരുന്നില്ല,” മറിച്ചു വേറൊരാളുടെ ദുഃഖത്തിൽ മനസ്സു തണുപ്പിക്കുകയായിരുന്നു!

നാലാമതു, അവൻ പൗലൊസിനെ “കണ്ടെത്തി.” ആദ്യത്തെ പ്രസ്താവനയിൽ വലിയ ആഗ്രഹമാണ് പ്രകടിപ്പിച്ചതെങ്കിൽ, ഇവിടെ വലിയ നിരന്തര ഉത്സാഹത്തെയാണ് കാണിക്കുന്നത്. പൗലൊസിനെ കണ്ടെത്തുന്നതുവരെ അവൻ തന്റെ തിരയൽ നിർത്തുകയില്ല! നല്ല ഇടയൻ നഷ്ടപ്പെട്ട ആടിനെ “കണ്ടെത്തുന്നതുവരെ” അന്വേഷണം തുടരും (ലൂക്കൊസ് 15:4).

അഞ്ചാമതു, അവൻ അതു സ്ഥിരമായി ചെയ്തുകൊണ്ടിരുന്നു. റോമിലും എഫെസൊസിലും, പൗലൊസിനെ ഒനേസിഫൊരൊസ് ശുശ്രൂഷിച്ചു[41] (1:18).

ദൃഢചിത്തതയുടെ ഒരു മഹത്തായ കാഴ്ച്ചയാണ് ഒനേസിഫൊരൊസ് തിമൊഥെയൊസിനും നമുക്കും നല്കുന്നത്. ഒനേസിഫൊരൊസ് മറ്റുള്ളവരെ ശുശ്രൂഷിക്കുവാൻ പോയപ്പോൾ, അവൻ വെറും - കയ്യോടെ

പോയില്ല.

*ഒനേസിഫൊരോസിൽ കണ്ടതായ സ്വഭാവ വിശേഷതകളിൽ എത്ര എണ്ണം നിങ്ങളുടെ സ്വഭാവത്തിലുണ്ട്?*

ഉപദ്രവങ്ങളിൽ പോലും, വിശ്വാസത്തിൽ ദൃഢചിത്തനായിരിക്കുവാനാണ് പൗലൊസ് തിമൊഥെയൊസിനെ പ്രോത്സാഹിപ്പിച്ചത്. വിശ്വസ്തതയുടെ തടസങ്ങൾ അവൻ തിമൊഥെയൊസിനെ മുന്നറിയിക്കുകയും സഹിക്കുന്നവർക്കു ലഭിക്കുന്ന അനുഗ്രഹങ്ങളെ ഓർപ്പിക്കയും ചെയ്തു.

---

**കുറിപ്പുകൾ**

[1]1 തിമൊഥെയൊസ് 1:1 ലെ പുതിയ നിയമത്തിൽ അപ്പൊസ്തലന്മാരുടെ മൂന്നു തരത്തിലുള്ള ക്രമങ്ങൾ പറഞ്ഞിട്ടുള്ളത് "1, 2 തിമൊഥെയൊസ് & തിത്തൊസ്" എന്നതിലെ ആദ്യ പരമ്പരയിലാണ്. [2]പൗലൊസിന്റെ കാൽവിസത്തിനെതിരായ മത്സരം (തർസൊസുകാരനായിരുന്ന ശൗൽ ആയിരുന്നപ്പോൾ; നോക്കുക പ്രവൃത്തികൾ 7:58–8:1; 9:1, 2; 26:9–11). അവന്റെ ജനനം മുതൽ ദൈവത്തിനു പദ്ധതിയുണ്ടായിരുന്നതുകൊണ്ടു, പൗലൊസിന്റെ മത്സരവും ക്രിസ്ത്യാനികളെ കൊന്നൊടുക്കുവാൻ ശ്രമിച്ചതും ദൈവത്തിന്റെ പദ്ധതിയും ദൈവജനത്തിനുമായി അവൻ തന്റെ ഇഛയെ തിരിച്ചു വിടുകയായിരുന്നു. അങ്ങനെയുള്ള ഉപദ്രവകാരിയായ, ശൗലിനു, ദൈവം മാനസാന്തരപ്പെടുവാൻ അവസരം കൊടുക്കുകയും പൗലൊസിനെ, "ദൈവേഷ്ടത്താൽ" ക്രിസ്തുവിന്റെ നീതിമാനായ അപ്പൊസ്തലനാക്കിയതിനും നാം എത്രമാത്രം നന്ദിയുള്ളവരാകണം! [3]വില്യം ഹെൻഡ്രിക്സൺ പറഞ്ഞു, "പൗലൊസ് തന്റെ ലേഖനം തുടങ്ങുന്നതു '(എന്റെ) പ്രിയ മകൻ തിമൊഥെയൊസേ' എന്നു പറഞ്ഞാണ്. ഒത്തു. വാ. 2 തിമൊ. 2:1; 3:14. ഒരു ... പൈതൽ തന്റെ സ്വാഭാവിക ജീവിതം ഭൗമിക പിതാവിനു കടപ്പെട്ടിരിക്കുന്നതുപോലെ, തിമൊഥെയൊസിന്റെ ആത്മിയ ജീവിതം പൗലൊസിനു കടപ്പെട്ടിരിക്കുന്നു. അതിലുപരി, ഒരു പൈതൽ പിതാവിനെ സേവിക്കുന്നതുപോലെ (കൂടെ), തിമൊഥെയൊസ് പൗലൊസിനെ (കൂടെ) സുവിശേഷത്തിൽ സേവിച്ചു. ... അതിലുമുപരി, സ്വാഭാവിക വാക്കുകൾ മരണം, ... അഭിമുഖീകരിക്കുന്ന, ഒരു വ്യക്തിയുടേതാകുമ്പോൾ അവനും യുവാവായ സ്നേഹിതനുമായ ബന്ധം പല വിധത്തിലും അവന്റെ ജീവിതം പല രീതിയിൽ സഹായിയായി തീർന്നിട്ടുമുണ്ട്" (*ഏ കമെന്ററി ഓൺ 1 ആന്റ് 2 തിമൊഥി & ടൈറ്റസ്* [ലണ്ടൻ: ദ ബാനർ ഓഫ് ട്രൂത്ത് ട്രസ്റ്റ്, 1964], 224). [4]പ്രാർത്ഥനകളും, യാചനകളും (ഗ്രീക്ക്.: *ഡീസിസ്*) – "... ആവശ്യം, ഇല്ലായ്മ ... അന്വേഷിക്കൽ, ചോദിക്കൽ, അഭ്യർത്ഥിക്കൽ ... മനുഷ്യർ ദൈവത്തോടു അപേക്ഷിക്കൽ ... യാക്കൊ. 5:16; 1 പത്രൊസ് 3:12 ... പ്രവൃത്തികൾ 1:14 ... 1 തിമൊ. 2:1. ..." നമ്മുടെ യാചനകൾ അനുസരിച്ചു പ്രത്യേക ഗ്രീക്കു വാക്കുകൾ ഉപയോഗിച്ചിരിക്കുന്നു: " ... *ഡീസിസ്* വ്യക്തിപരമായ ആവശ്യ പ്രകടനത്തിന്റെ പ്രാധാന്യം സൂചിപ്പിക്കുന്നു, *പ്രോസേക്കേ* ധ്യാനത്തിനായി ഉപയോഗിച്ചിരിക്കുന്നു; *എൻടേസിസ്* ശിശുക്കളെ പോലെയുള്ള ആത്മവിശ്വാസത്തെ സൂചിപ്പിക്കുന്നു, ഹൃദയം ദൈവസന്നിധിയിൽ തുറന്നു പ്രതിനിധാനം ചെയ്യുന്നത്" (സി. ജി. വിൽക്കേ ആന്റ് വിലിബാൾഡ് ഗ്രിം, *ഏ ഗ്രീക്ക് – ഇംഗ്ലീഷ് ലെക്സിക്കൺ ഓഫ് ദ ന്യൂ*

*ടെസ്റ്റമെന്റ്*, ട്രാൻസ്. ആന്റ് റെവ. ജോസഫ് എച്ച്. തേയർ [എഡിൻബറോ, സ്കോട്ട്ലന്റ്: റ്റി. & റ്റി. ക്ലാർക്ക്, 1901; റീ പ്രിന്റ് എഡി., ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1977], 126). [5]നിറയ്ക്കുക (ഗ്രീക്ക്.: *പ്ലെരോത്തോ*) – "നിറക്കുക ... വർദ്ധിക്കുവാൻ കാരണമാക്കുക, ഒരുക്കുക അല്ലെങ്കിൽ ഉദാരമായി നല്കുക ... ഒരാളുടെ ആത്മാവിലേക്കു പരത്തുക ... റോമ. 15:13 ... തികക്കുക, ഉപയോഗിക്കുക" (തേയർ, 517–18). പൗലൊസ് തിമൊഥെയൊസിനെ കാണുന്ന *നിമിഷം* (കൃത്യമായ പ്രവൃത്തി) വരെ പൗലൊസിനു ആ സന്തോഷം ഉണ്ടാകയില്ല എന്നു സൂചിപ്പിക്കുന്ന വിധത്തിലാണ് രണ്ടു ഉപയോഗവും നടത്തിയിട്ടുള്ളത്. [6]റൊണാൾഡ് ഏ. വാർഡ്, *കമെന്ററി ഓൺ 1 ആന്റ് 2 തിമൊഥി & ടൈറ്റസ്* (വാകോ, ടെക്സ്.: വേർഡ് ബുക്സ്, 1974), 143. [7]ആത്മാർത്ഥ വിശ്വാസം (ഗ്രീക്ക്.: *അനുപോക്രിറ്റോസ്*) – "കാപട്യം കൂടാതെ... റോമ 12:9; 2 കൊരി. 6:6; 1 തിമൊ. 1:5; 2 തിമൊ. 1:5; യാക്കൊ. 3:17; 1 പത്രൊ. 1:22" (എഡ്വേഡ് റോബിൻസൺ, *ഏ ഗ്രീക്ക് ആന്റ് ഇംഗ്ലീഷ് ലെക്സിക്കൺ ഓഫ് ദ ന്യൂ ടെസ്റ്റമെന്റ്* [ന്യൂയോർക്ക്: ഹാർപ്പർ & ബ്രദേഴ്സ്, 1850], 65). മറ്റു വിധത്തിലുള്ള വിശ്വാസത്തെ കുറിച്ചു യോ. 12:42, 43; യാക്കൊ. 2:17; മത്താ. 6:30; 8:10, 26; 15:28; 17:20; മർ. 11:22–24; പ്രവൃത്തികൾ 6:5, 7; 11:24; റോമ. 10:17; 12:3; എബ്രാ. 10:22. [8]"അതുകൊണ്ടു, അതു, പൗലൊസിന്റെ ഒന്നാം മിഷ്ണറി യാത്രയ്ക്കുശേഷം, ആകുവാനില്ലെന്നു തോന്നുന്നു, വലിയമ്മ ലോവിസ് (ഒരുപക്ഷെ, മകളോടുകൂടെ, ജീവിച്ചത്) അവന്റെ അമ്മ യുനീക്ക എന്നിവർ പരിവർത്തനം ചെയ്യപ്പെട്ടത്, അവർ ക്രിസ്തുവിൽ വാഗ്ദാനം നിറവേറുന്നതു കണ്ട്, ക്രിസ്തുവിൽ വിശ്വാസം അർപ്പിക്കുകയും; പിന്നെ ആ സ്ത്രീകൾ, തിരിച്ചു, മഹത്തായ കൃപയുടെ വേലയിൽ സഹകരിക്കയും ചെയ്തതിന്റെ ഫലമായി തിമൊഥെയൊസ് പരിവർത്തനം ചെയ്യപ്പെട്ടു" (ഹെൻഡ്രിക്സൺ, 228). [9]തീർച്ച (ഗ്രീക്ക്.: *പെയിത്തോ*) – "ആശ്രയിക്കുക, ... ആത്മവിശ്വാസം ഉള്ളവനാകുക" (തേയർ, 497). ദ പെർഫെക്ട് സൂചിപ്പിക്കുന്നത് അവരുടെ വിശ്വാസം ആ സമയത്ത് യഥാസ്ഥാനപ്പെടുത്തിയിരുന്നു, അല്ലെങ്കിൽ പൂർത്തിയാക്കി എന്നർത്ഥം. തെളിവു എന്തെന്നാൽ, പൗലൊസിൽ (പാസിവ് വോയ്സ്) വിശ്വാസത്തോടുകൂടെ, ആശ്രയം തെളിയിച്ചിരിക്കുന്നു. [10]ശക്തി (ഗ്രീക്ക്.: *ഡുനാമിസ്*) – "... ശക്തി അതിന്റെ ഗുണത്താൽ ഒരു വസ്തുവിൽ വസിക്കൽ... *ഡുനാമിസ് ടൗ തെയോവ്* മനുഷ്യ മനസ്സിൽ പ്രവർത്തിക്കുന്ന ദൈവശക്തിക്കായി ഉപയോഗിച്ചിരുന്നു, ... 2 തിമൊ. 1:8; 1 പത്രൊ. 1:5, ..." (തേയർ, 159).

[11]ഈ വാക്കിനെ "അച്ചടക്കം" എന്നതുമായി ബന്ധപ്പെടുത്തി നിരീക്ഷിക്കുന്നുണ്ട്: "ആ വാക്ക് *സോഫ്രോനിസ്മോസ്* എന്നാണ്. തർജ്ജിമ ചെയ്യുവാൻ പറ്റാത്ത ഒരു വലിയ ഗ്രീക്ക് വാക്കാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. ചിലർ അതിനെ നിർവ്വചിച്ചിരിക്കുന്നതു 'സാനിറ്റി ഓഫ് സെയിന്റ്ലിനസ്' എന്നാണ്. [സർ റോബെർട്ട്] ഫാൽക്കണർ നിർവ്വചിക്കുന്നത് 'ദുഃഖത്തെ ഒരാൾ സ്വയം നിയന്ത്രിക്കൽ' എന്നാണ്. അത്തരം സ്വയ – യജമാനത്വം, സ്വയ – അച്ചടക്കം, ഇന്ദ്രിയ – ജയം എന്നിവ നല്കുവാൻ യേശുവിനു മാത്രമെ കഴിയൂ അവ നല്കി നമ്മെ എല്ലാവരേയും അകന്നു പോകാതെയും ഓടി പോകുവാൻ പറ്റാതെയുമാക്കുന്നു. ... *സോഫ്രോണിസ്മോസ്* ദൈവികമായി സ്വയ – യജമാനത്വം നല്കുന്നതു ആദ്യം അയാൾ ക്രിസ്തുവിന്റെ ദാസനും തന്റെ തന്നെ യജമാനനും ആകയാൽ മറ്റുള്ളവരെ ഭരിക്കത്തക്ക പ്രാപ്തിയുള്ളവരാക്കുന്നു" (*ദ ലെറ്റേഴ്സു*

*ടു തിമൊഥി, ടൈറ്റസ് & ഫിലേമോൻ*, ദ ഡെയിലി സ്റ്റഡി ബൈബിൾ സിരീസ്, റെവ. എഡി. [ഫിലഡെൽഫിയ: വെസ്റ്റ്മിൻസ്റ്റർ പ്രെസ്, 1960], 166). [12]ഹെൻഡ്രിക്സൺ, 230. [13]ലജ്ജിക്കുക (ഗ്രീക്ക്.: *എപ്പയിസ്ക്കുന്തേ*) – സബ്ജങ്റ്റിവ് പ്രഖ്യാപിക്കുന്നതു തിമൊഥെയൊസിന്റെ "ലജ്ജിച്ചില്ല" എന്നത് തീർച്ചപ്പെടുത്തിയ വസ്തുതയല്ല. യേശു ക്രൂശിനോടു അടുത്തപ്പോൾ, അപ്പൊസ്തലന്മാരെ*ല്ലാവരും* ലജ്ജിച്ചു. പാസിവ് വോയ്സ് താല്പര്യം ജനിപ്പിക്കുന്നു, കാരണം അതിനാൽ പൗലൊസ് തിമൊഥെയൊസിനെ പുറമെ നിന്നുവരുന്ന ലജ്ജ ഒഴിവാക്കുവാൻ മുന്നറിയിക്കുന്നു (നോക്കുക വാ. 7). അവൻ ലജ്ജിക്കപ്പെടാതിരിക്കേണ്ടതിനു അവനു ദൈവിക സ്വാധീനം ലഭിക്കണമെന്നു പൗലൊസ് ആഗ്രഹിച്ചു (നോക്കുക 2:1; 4:17, 18). [14]വാൾട്ടർ ബാവെർ, *ഏ ഗ്രീക്ക് – ഇംഗ്ലീഷ് ലെക്സിക്കൺ ഓഫ് ദ ന്യൂ ടെസ്റ്റമെന്റ് ആന്റ് അദർ ഏർലി ക്രിസ്റ്റ്യൻ ലിറ്ററേച്ചർ,* 2ഡി എഡി., റെവ. വില്യം എഫ്. ആംണ്ട് ആന്റ് എഫ്. വിൽബർ ജിംജ്റിച്ച് (ഷിക്കാഗോ: യൂണിവേഴ്സിറ്റി ഓഫ് ഷിക്കാഗോ പ്രെസ്, 1957), 281. [15]കഷ്ടം (ഗ്രീക്ക്.: *സുഗ്കാകോപാതെസൺ*) – ആജ്ഞാസ്വഭാവത്തിൽ അപേക്ഷയും കല്പനയും അടങ്ങിയിരുന്നു. വളരെ പോരാട്ടം അനുഭവപ്പെട്ട സങ്കീർണ്ണസമയത്ത് അനേകം സഹോദരങ്ങൾ ചഞ്ചലിതരായി, പൗലൊസ് കരഞ്ഞു തിമൊഥെയൊസിനോടു ആജ്ഞാപിക്കുന്നു – അവൻ കഷ്ടത സഹിക്കണം. മൂല വാക്കിന്റെ അർത്ഥം "... ആരുമായും ദുഷ്ടത സഹിക്കുക, പോരാട്ടം സഹിക്കുക ... 2 തിമൊ. 1:8 ... സുവിശേഷത്തിനുവേണ്ടി മറ്റുള്ളവരോടുകൂടെ പോരാട്ടത്തിൽ കഷ്ടതയേൽക്കുക" (റോബിൻസൺ, 682). [16]വാർഡ്, 149. [17]ആൽഫ്രെഡ് മാർഷൽ, *ദ ആർ.എസ്.വി. ഇന്റർലീനിയർ ഗ്രീക്ക് – ഇംഗ്ലീഷ് ന്യൂ ടെസ്റ്റമെന്റ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: സോണ്ടർവാൻ പബ്ലിഷിങ്ങ് ഹൗസ്, 1970), 835. [18]വിശുദ്ധി (ഗ്രീക്ക്.: *ഹാജിയോസ്*) – "ദൈവത്തിനു സമർപ്പിക്കുക, വിശുദ്ധമായ, പവിത്രമായ, ... ദൈവത്തിനും അവന്റെ ശുശ്രൂഷക്കും സൃഷ്ടിച്ച ... മത്താ. 4:5; 27:53; വെളി. 11:2. ... 'വിശുദ്ധന്മാർ' എന്നു ക്രിസ്ത്യാനികളെ വിളിച്ചിരിക്കുന്നതുകൊണ്ട് ... അവരുടെ *ക്ലെസിസ്* [വിളി] യും *ഹാജിയോസ്* ആണ്, ..." (ആംണ്ട് ആന്റ് ജിംജ്റിച്ച്, 9). നോക്കുക മത്താ. 5:48. [19]2 മക്കാബീസ് 3:24–30; 15:22–27. മക്കാബീസിന്റെ ദൈവശ്വാസിയമല്ലാത്ത, രണ്ടു പുസ്തകങ്ങൾ ഏതാണ്ട് ബിസി 100–ൽ എഴുതപ്പെട്ടതിൽ, പഴയ നിയമത്തിനും പുതിയ നിയമത്തിനും ഇടയ്ക്കു സംഭവിച്ച ചരിത്ര സംഭവങ്ങളാണ്. ബി.സി. 400–166–നും ഇടയ്ക്കുള്ള യെഹൂദന്മാരുടെ പോരാട്ടത്തിൽ നിന്നു സ്വാതന്ത്ര്യം ആഗ്രഹിച്ചതും പാലസ്തീനിലെ യെഹൂദ മതത്തിന്റെ സങ്കല്പങ്ങളും ആണ് രണ്ടു പുസ്തകങ്ങളിലും ഉള്ളത്. [20]ബാർക്ക്ലേ, 172–73.

[21]പ്രാണൻ (ഗ്രീക്ക്.: *സോയേ*) – "... ജീവിച്ചിരിക്കൽ ... ജീവിത രീതി ... സുവിശേഷത്തിന്റെ അർത്ഥത്തിൽ, നിത്യ ജീവൻ, രക്ഷ ... ദൈവരാജ്യത്തിൽ ഉള്ള മഹത്വവും പ്രഭയും ... മത്താ 19:16, 17; യോഹ. 3:15, 16; 5:24 ... 2 തിമൊ. 1:1 ..." (റോബിൻസൺ, 319–20). [22]അക്ഷയത (ഗ്രീക്ക്.: *അഫ്ത്താർസിയ*) – ''... മാലിന്യമില്ലാത്ത, നശിക്കാത്ത; പുനരുത്ഥാനശേഷം വിശുദ്ധന്മാരുടെ ശരീരങ്ങൾ അങ്ങനെയാകും ... 1 കൊരി. 15:42, 50, 53–54 ... ഭാവി ജീവിതവും സ്വർഗ്ഗത്തിലെ വിശുദ്ധന്മാരുടെ പ്രഭയും, റോമ. 2:7; 2 തിമൊ. 1:10" (റോബിൻസൺ, 111). [23]ഹെൻഡ്രിക്സൺ, 234. [24]നിയമിച്ചു (ഗ്രീക്ക്.: *എറ്റേത്തേ*) – പാസിവ് വ്യക്തമാക്കുന്നതു ആ വ്യക്തി (ശുശ്രൂഷാ പ്രതലത്തിലുള്ള) പൗലൊസിന്റെ അടുക്കൽ വന്നതു മറ്റൊരു ഉറവിടത്തിൽ നിന്നാണ്, സ്വമേധയാ അല്ല ("1, 2 തിമൊഥി

ആന്റ് ടൈറ്റസ്" എന്ന ആദ്യ പരമ്പരയിലെ 1 തിമൊഥെയൊസ് 1:12 ലെ കുറിപ്പുകൾ നോക്കുക). മൂലവാക്കായ *റ്റിതേമി*യുടെ അർത്ഥം "... ഇടുക, വെക്കുക ... ഒരുക്കുക ... സ്ഥാപിക്കുക ... ആരെയെങ്കിലും ആക്കി തീർക്കുക അല്ലെങ്കിൽ എന്തിനെയെങ്കിലും ഒരുക്കുക. ... 1 തിമൊ. 2:7; 2 തിമൊ 1:11 ..." (ആംണ്ട് ആന്റ് ജിംജ്റിച്ച്, 823-24). [25]ഉപദേഷ്ടാവു (ഗ്രീക്ക്.: *കെറൂസ്*) - ഒരു "ദൂതൻ, പരസ്യപ്രഖ്യാപനം നടത്തുന്നവൻ ... പ്രഖ്യാപിക്കുന്നവൻ" (ആംണ്ട് ആന്റ് ജിംജ്റിച്ച്, 432); "... ഒരു ഉപദേഷ്ടാവു, പരസ്യമായ ഉപദേശകൻ, ഉദ. ദൈവേഷ്ടവും, നോഹ ഉപദേശിച്ചതുപോലെ, 2 പത്രൊ. 2:5; ... പൗലൊസിനെ പോലെ, 1 തിമൊ. 2:7; 2 തിമൊ. 1:11" (റോബിൻസൺ, 398); "... പൊതുവായ അധികാരത്താൽ ഒരു സന്ദേശം അറിയിക്കുന്നവൻ, അവൻ ഔദ്യോഗിക സന്ദേശം അറിയിക്കുന്നത് രാജാവിന്റെ, മജിസ്ട്രേറ്റിന്റെ, രാജകുമാരന്റെ, പട്ടാള കമാന്ററുടെ, അല്ലെങ്കിൽ പരസ്യമായ ക്ഷണമോ ആവശ്യമോ നൽകുന്നവൻ ... ദൈവത്തിന്റെ സ്ഥാനാപതി, ദൂതൻ അല്ലെങ്കിൽ ദൈവവചനം പ്രഖ്യാപിക്കുന്ന വൻ" (തേയർ, 346). [26]ബാർക്ക്ലേ, 170. [27]അപ്പൊസ്തലൻ (ഗ്രീക്ക്.: *അപ്പൊ സ്തോലോസ്*) - ഒരു "ദൂതൻ, സന്ദേശവാഹകൻ, കല്പനകളുമായി അയക്കു ന്നവൻ" (തേയർ, 68). [28]ബാർക്ക്ലേ, 171. [29]സുവിശേഷകൻ (ഗ്രീക്ക്.: *ഡിഡാ സ്ക്കലോസ്*) - "... ദൈവിക കാര്യങ്ങളെ കുറിച്ചും മനുഷ്യന്റെ കടമകളെ കുറിച്ചും പഠിപ്പിക്കുന്നവൻ ..." (തേയർ, 144). [30]ബാർക്ക്ലേ, 171.

[31]കാരണം (ഗ്രീക്ക്.: *അയിറ്റിയ) - "കാരണം, ... സംഭവം."* പര്യായശബ്ദ മായ *എലെഗ്ക്കോസ്* എന്നതിന്റെ അർത്ഥം "ഒരു കല്പന, അതു ധാർമ്മികമോ അല്ലെങ്കിൽ നിയമപരമോ ആകാം, അതു തെളിയിക്കപ്പെട്ടതാണ്" (ജി. അബോട്ട് - സ്മിത്ത്, *ഏ മാനുവൽ ഗ്രീക്ക് ലെക്സിക്കൺ ഓഫ് ദ ന്യൂ ടെസ്റ്റമെന്റ്* [എഡിൻബറോ, സ്ക്കോട്ട്ലന്റ്: റ്റി. & റ്റി. ക്ലാർക്ക്, 1948], 14). [32]അറിയുക (ഗ്രീക്ക്.: *ഒയിഡ* അല്ലെങ്കിൽ *എയിഡോ*) - "വ്യക്തിപരമായി ബന്ധപ്പെടുകയും ലൈംഗിക ബന്ധം പുലർത്തുകയും ചെയ്യുക ..." (റോബിൻസൺ, 209-10). [33]വിശ്വസിക്കുക (ഗ്രീക്ക്.: *പെപിസ്റ്റേയുകാ*) - പൂർത്തിയാക്കിയ ഉല്പന്നം എന്നു ദ പെർഫെക്റ്റ് പറയുന്നു അല്ലെങ്കിൽ പൗലൊസിന്റെ മനസ്സിലെ വസ്തുത, ഇന്റിക്കേറ്റിവു പറ യുന്നതു ആനുകാലികമായിട്ടാണ് അല്ലെങ്കിൽ തുടർവിശ്വാസമായിട്ടാണ്. മൂല വാക്കായ *പിസ്റ്റേയോയുടെ* നിർവ്വചനം തേയർ നല്കുന്നുണ്ട്: "... പ്രേരിപ്പിക്കു ക; കണക്കിലെടുക്കുക, ആത്മവിശ്വാസത്തിലാകുക ... യേശുവിൽ ആശ്രയി ക്കുക അല്ലെങ്കിൽ ദൈവത്തിൽ എന്തെങ്കിലും ചെയ്യുമ്പോൾ നേട്ടം ലഭിക്കേണ്ട തിനാണ്: മത്താ. 8:13; 21:22 ... പ്രത്യേകിച്ചു ഒരു വ്യക്തി യേശുവിനെ കൈക്കൊ ള്ളുമ്പോഴുള്ള വിശ്വാസം, അതായതു ഒരു തീർച്ച, സന്തോഷം നിറഞ്ഞ ആശ്രയം, അതായതു യേശു മശിഹയായിട്ട് - ദൈവരാജ്യത്തിൽ നിത്യരക്ഷ യുടെ കാരണ ഭൂതനായിട്ട്, ക്രിസ്തുവിനോടു അനുസരണത്താൽ ചേരുകയു മാണ് ... പ്രവൃത്തികൾ 8:37 ... 1 തിമൊ. 3:16 ... 1:16; 1 പത്രൊ. 2:6 ... ക്രിസ്തു വിൽ [ദൈവത്തിൽ] ആശ്രയിക്കൽ, 2 തിമൊ. 1:12" (തേയർ, 511-12). [34]വാർഡ്, 155-56. [35]ഗ്രീക്ക് വാക്ക് (*ഹുപോടുപോസിൻ ആഖേ ഹുജിയൈനോൺടോൺ ലോഗോൺ*) കൂടുതൽ വെല്ലുവിളി നൽകുന്നതാണ്. അതു അക്ഷരികമായി, "ഏ പാറ്റേൺ ഹാവ് ദൗ ഓഫ് ബീയിങ് ഹെൽത്തി വേഡ്സ്" എന്നാണ് വായി ക്കുന്നത് (എൻഡ്രിക്സൺ, 237). *ആഖേ* എന്നത് പ്രെസന്റ്, ഇംപെരേറ്റിവ്, സെക്കന്റ് - പേർസൺ സിംഗുലറാണ്. [36]നിധി (ഗ്രീക്ക്.: *റ്റെൻ കാലെൻ പാരാ*

*ത്തെകെൻ*; നോക്കുക വാ. 12, ഇവിടെ സംശയരഹിതമായി സൂചിപ്പിക്കുന്നതു സുവിശേഷമാണ്) – *പാരാത്തെകേ* അർത്ഥമാക്കുന്നത് “... ഒരു നിക്ഷേപം, ഒരു നിധി ... ഒരാളുടെ വിശ്വസ്തതയിൽ സൂക്ഷിക്കേണ്ടതിനു ഏല്പിക്കുന്നത് ... സുവിശേഷോപദേശത്തിന്റെ നിർമ്മലതയിലും ജ്ഞാനത്തിലും ശരിയായി ഉപയോഗിക്കുക, ഉറപ്പോടും വിശ്വസ്തതയോടും പിടിക്കുക, സുബോധത്തോടെ അതു മറ്റുള്ളവരിലേക്കും എത്തിക്കുക: 2 തിമൊ. 1:12 ... 1 തിമൊ. 6:20 ആന്റ് 2 തിമൊ. 1:14” (തേയർ, 482). [37]സൂക്ഷിക്കുക (ഗ്രീക്ക്.: *ഫുലാസോ*) – അതു തിരഞ്ഞെടുക്കാവുന്നതല്ല. ഈ വാക്കിലെ ആവശ്യങ്ങൾ തിമൊഥെയൊസ് ശിരസാവഹിക്കുക തന്നെ വേണം. ഇതിന്റെ നിർവ്വചനം നോക്കുക. [38]ഹെൻഡ്രിക്സൺ, 237. [39]തിരിഞ്ഞുപോകുക (ഗ്രീക്ക്.: *അപെസ്ട്രാഫെസൻ*) – “ഒരാളെ എന്തിന്റെയെങ്കിലും ബന്ധത്തിൽ നിന്നു മാറ്റി നിർത്തുക, തെറ്റു ചെയ്യുവാൻ പരീക്ഷിക്കപ്പെടുക ... പിന്തിരിയുക, മടങ്ങുക ... തിത്തൊ. 1:14” (തേയർ, 68). പാസിവ് സൂചിപ്പിക്കുന്നത് അവർ ബാഹ്യ ശക്തിക്കു കീഴ്പ്പെടുകയും “പൊയ്ക്കളകയും” ചെയ്തു എന്നാണ്. [40]കരുണ (ഗ്രീക്ക്.: *എലയോസ്*) – “... ദയ അല്ലെങ്കിൽ ദുഃഖത്തിൽ ഉപദ്രവിക്കപ്പെടുന്നവരോടു നല്ല മനോഭാവം പ്രകടിപ്പിക്കുക, അവരോടു ചേർന്നു അവരെ ആശ്വസിപ്പിക്കുവാൻ ശ്രമിക്കുക ... ക്രിസ്തു മുഖാന്തരം മനുഷ്യർക്കു രക്ഷ നല്കിയതു ദൈവത്തിന്റെ കരുണയും കനിവും കൊണ്ടാണ്: ലൂക്കൊ. 1:54; റോമ. 15:9; എഫെ. 2:4 ... 2 തിമൊ. 1:16, 18” (തേയർ, 203).

[41]ശുശ്രൂഷ അർപ്പിക്കുക (ഗ്രീക്ക്.: *ഡയാക്കൊണെയോ*) – “കാത്തിരിക്കുക അല്ലെങ്കിൽ ശ്രദ്ധിക്കുക, ... ശുശ്രൂഷിക്കുക ... ആരുടേയും ആഗ്രഹങ്ങൾ നല്കുക, ഉദാ, ആഹാരം, വസ്ത്രം; ... ആർക്കും ചെയ്യുന്ന ശുശ്രൂഷ ... നല്കുക ... വിതരണം ചെയ്യുക ... ദൈവിക സന്ദേശം നല്കുക ...” (റോബിൻസൺ, 170–71).